

# ഇടവക സന്ദേശം



സെന്റ് സ്റ്റീഫൻസ് ചർച്ച്, തോപ്പ്, കൊല്ലം

Vol. 3 Issue 13

2015 December - 2016 February



Merry Christmas and Happy New Year!






തോമസ് മേക്കാടൻ അച്ചന്
ഇടവക മക്കളുടെ
പൗരോഹിത്യ രജത ജൂബിലി
ആശംസകൾ



വിശുദ്ധ സ്റ്റീഫന്റെ തിരുനാൾ ആശംസകൾ

# തോമസച്ചൻ പൗരോഹിത്യ രജത ജൂബിലി നിറവിൽ...



Photo : Suresh Jose









**LATIN ARCHDIOCESE OF TRIVANDRUM**

Latin Archbishop's House, Vellayambalam, Trivandrum 695 003, Kerala, India
Phone: 0091-471-2724001 Fax: 0091-471-2725001
E-mail: archbishop@archtvm.in Website: www.latinarchdiocesetrivandrum.org

## സന്ദേശം

ബഹുമാനപ്പെട്ട തോമസ് മേക്കാട്ടുപറമ്പിൽ അച്ചന്റെ പൗരോഹിത്യ രജത ജൂബിലി, അദ്ദേഹം വികാരിയായ കൊല്ലം തോപ്പ് സെന്റ് സ്റ്റീഫൻസ് ഇടവക ആഘോഷിക്കുന്നു എന്ന് അറിയുന്നതിൽ ഏറെ സന്തോഷമുണ്ട്. മേക്കാടൻ അച്ചന് പൗരോഹിത്യ രജത ജൂബിലിയുടെ എല്ലാവിധ ആശംസകളും പ്രാർത്ഥനകളും നേരുന്നു. ഇപ്പോൾ തോപ്പ് ഇടവക വികാരി എന്ന നിലയിൽ വലിയ ഉത്തരവാദിത്തങ്ങൾ കാര്യക്ഷമതയോടെ നിറവേറ്റുന്നതിനിടയിൽ തന്നെ യുവജന സംഘാടനം, മറ്റ് അജപാലന വിദ്യാഭ്യാസ - സാമൂഹ്യ - സാംസ്കാരിക പ്രവർത്തനങ്ങളിൽ നിറഞ്ഞുനിൽക്കുന്ന മേക്കാടൻ അച്ചൻ, 1993 - 95 കാലഘട്ടത്തിൽ എന്റെ രൂപതയിൽ യുവജന ശുശ്രൂഷയുടെ എക്സിക്യൂട്ടീവ് സെക്രട്ടറിയായിരുന്നുകൊണ്ട് നിർവ്വഹിച്ച സേവനങ്ങളാണ് എന്റെ ഓർമ്മയിൽ വരുന്നത്. രൂപതയുടെ ഇടവകകളിൽ യുവജനങ്ങളെ സഭയോടു ചേർത്തു നിറുത്തി ചിന്തിപ്പിച്ചും പ്രവർത്തിപ്പിച്ചും വിശ്വാസത്തിൽ ആഴപ്പെടുത്തുന്നതിൽ മേക്കാടൻ അച്ചൻ കാണിച്ചുപോന്ന തീക്ഷണത ആദരപൂർവ്വം അനുസ്മരിച്ചുകൊള്ളട്ടെ. മേക്കാടൻ അച്ചന്റെ പൗരോഹിത്യ രജത ജൂബിലി സമുചിതമായി ആഘോഷിക്കുന്നതിനോടനുബന്ധിച്ച്, അദ്ദേഹത്തിന്റെ ജീവിത മാതൃക എടുത്തുകാട്ടുന്നതും അദ്ദേഹത്തെക്കുറിച്ചുള്ള നല്ല ഓർമ്മകൾ നിലനിർത്തുന്നതുമായ ഒരു സ്മരണിക പ്രസിദ്ധീകരിക്കുന്നത് തികച്ചും ഔചിത്യപൂർണ്ണമാണ്; അത് അദ്ദേഹത്തിന്റെ ശ്രേഷ്ഠമായ സമർപ്പിത ജീവിതത്തിനും മഹത്തായ സേവനങ്ങൾക്കും നൽകാവുന്ന എളിയ അംഗീകാരവുമായിരിക്കും.

രജത ജൂബിലി ആശംസിക്കുന്നതിനൊപ്പം, തോമസ് മേക്കാട്ടുപറമ്പിൽ അച്ചൻ പൗരോഹിത്യത്തിന്റെ വിവിധ മേഖലകളിൽ ചെയ്തുവരുന്ന നിസ്തുലമായ സേവനങ്ങൾ പൂർവ്വാധികം കാര്യക്ഷമതയോടെ തുടരുവാൻ ദൈവം അച്ചന് ആയുരാരോഗ്യം പ്രദാനം ചെയ്യട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

അനുഗ്രഹാശിസ്സുകളോടെ,

**സൂസപാക്യം എം.**
തിരുവനന്തപുരം മെത്രാപ്പോലീത്ത.



**Most Rev. Dr. Stanley Roman**
*Bishop of Quilon*

*Bishop's House*
*Thangasseri, Kollam*
*Kerala, India*

## സന്ദേശം

വിശ്വാസികളുടെ ഹൃദയത്തിലേക്ക് പ്രകാശരശ്മികൾ പ്രസരിപ്പിക്കുന്നതിൽ തോമസ് അച്ചൻ അസാധാരണ വിജയം നേടിക്കൊണ്ടിരിക്കുന്നു. മനുഷ്യജീവിതത്തിലെ നന്മയുടെ വശങ്ങളെ ഉദ്ദീപിപ്പിച്ചു വളർത്തിയെടുക്കുവാൻ പുരോഹിതനു കഴിയുമ്പോൾ പൗരോഹിത്യം സാർഥകമാകും. വിശ്വാസത്തിന്റെ വിജയമാണ് പൗരോഹിത്യം. രജത ജൂബിലി വർഷത്തിൽ അച്ചനു സ്വർഗ്ഗപിതാവിന്റെ കൃപ ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. സർവ്വമംഗളങ്ങളും ആശംസിക്കുന്നു.

ഈശോ മറിയത്തിൽ

✠ **സ്റ്റാൻലി റോമൻ**
കൊല്ലം മെത്രാൻ



Mar Mathew Arackal
Bishop of Kanjirapally

Pastoral Centre, P.B No. 22,
Kanjirapally – 686 507, Kerala, INDIA
Tel: +91 4828 - 206040, 203956,
Fax: +91 4828 - 206022, 205200
Email: bishoparakal@hotmail.com
Web: www.kanjirapallydiocese.com

## സന്ദേശം

പൗരോഹിത്യത്തിന്റെ രജത ജൂബിലി ആഘോഷിക്കുന്ന ബഹു. തോമസ് മേക്കാടൻ അച്ചന് അനുമോദനങ്ങളും ആശംസകളും അർപ്പിക്കുന്നു. സലേഷ്യൻ സഭാംഗമായ അച്ചൻ പൗരോഹിത്യത്തിന്റെ ശുശ്രൂഷകൾ കൂടുതലും സമർപ്പിച്ചിരിക്കുന്നത് യുവജനങ്ങൾക്ക് വേണ്ടിയാണ്. യുവജനങ്ങളെ ദൈവത്തോടും സഭയോടും ചേർത്തുനിർത്തുകയെന്നത് ഈ കാലഘട്ടത്തിലെ ഒരു വലിയ വെല്ലുവിളി തന്നെയാണ്. പക്ഷെ അച്ചൻ സ്വതസിദ്ധമായ ശൈലിയിലൂടെ നൂതന വഴികൾ കണ്ടെത്തി യുവജനങ്ങളെ സഭയോട് ചേർത്ത് നിർത്താൻ എന്നും പരിശ്രമിച്ചിട്ടുണ്ട്. കാഞ്ഞിരപ്പള്ളി രൂപതയിൽ തമ്പലക്കാട് ഇടവകാംഗമായ അച്ചന്റെ ശുശ്രൂഷകൾ പലപ്പോഴും രൂപതയ്ക്ക് അനുഗ്രഹമായിട്ടുണ്ട്. അച്ചന്റെ പൗരോഹിത്യ ജീവിതത്തിൽ നാളിതുവരെ ദൈവം നൽകിയ അനുഗ്രഹങ്ങൾക്ക് നന്ദി പറയാം. ഒപ്പം തുടർന്നുള്ള ജീവിതത്തിൽ ദൈവം നൽകുന്ന ദൗത്യങ്ങൾ വിശ്വസ്തതയോടെ ദൈവമഹത്വത്തിനായി നിർവഹിക്കുന്നതിനുള്ള കൃപാവരത്തിനായ് പ്രാർത്ഥിക്കുന്നു. പൗരോഹിത്യത്തിന്റെ രജത ജൂബിലി വർഷത്തിൽ ദൈവാനുഗ്രഹം ധാരാളമായി അച്ചന്റെ ജീവിതത്തിലും അച്ചനെ പൗരോഹിത്യത്തിലേയ്ക്ക് നയിച്ച കുടുംബാംഗങ്ങളുടെ ജീവിതത്തിലും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

MAR MATHEW ARACKAL ❋ BISHOP OF KANJIRAPALLY ❋

ആശംസകളോടെ,

മാർ മാത്യു അറയ്ക്കൽ
കാഞ്ഞിരപ്പള്ളി രൂപത മെത്രാൻ



Rt. Rev. Dr. Selvister Ponnumuthan
*Bishop of Punalur*

FOR FAITH AND DEVELOPMENT

BISHOP'S HOUSE
Ph: 0091-475-2225419, 2227078, 2220229 (P)
Fax: 0091-475-2225419
email: selvister.ponnu@gmail.com
punalurdiocese@sancharnet.in
P. B. No. 48, Punalur
S. India, Kerala - 691 305

## ആശംസ

തോമസ് മേക്കാടനച്ചന്റെ പൗരോഹിത്യ രജതജൂബിലി ആഘോഷങ്ങൾക്ക് എല്ലാവിധ ആശംസകളും നേരുന്നു. സഭയുടെ യുവജനശുശ്രൂഷാ മേഖലയിൽ അച്ചന്റെ വലിയ സംഭാവന നന്ദിയോടെ ഓർക്കുന്നു. തിരുവനന്തപുരം, ആലപ്പുഴ രൂപതകളിൽ കെ.സി.വൈ.എം. ഡയറക്ടർ ആയി പ്രവർത്തിച്ച നീണ്ട വർഷങ്ങളിൽ കേരള ലത്തീൻ കത്തോലിക്കാ സഭയിലെ യുവജനപ്രേഷിത പ്രവർത്തനത്തിന് അച്ചൻ പുത്തനുണർവ്വ് നൽകുകയുണ്ടായി. പിന്നീട് അച്ചന്റെ സന്ന്യാസ സമൂഹത്തിന്റെ നേതൃത്വത്തിലുള്ള ഐ. വൈ.ഡി.സി. യുടെ ഡയറക്ടർ ആയിരുന്ന കാലയളവിൽ സഭയുടെ യുവജന ശുശ്രൂഷാ മേഖലയിൽ ഒരു റിസ്സോഴ്സ് പേഴ്സണായി സ്തുത്യർഹമായ സേവനം ചെയ്തതും ഞാൻ അനുസ്മരിക്കുന്നു. ആലുവ കാർമ്മൽഗിരി പൊന്തിഫിക്കൽ സെമിനാരിയിൽ ഞാൻ ഡീനായിരിക്കുമ്പോൾ വൈദീകാർത്ഥികളെ യൂത്ത് മിനിസ്ട്രിയിൽ പരിശീലനം നൽകുന്നതിൽ അച്ചൻ കാണിച്ച താൽപര്യവും കൃതജ്ഞതാപൂർവ്വം ഓർക്കുന്നു. കൊല്ലം രൂപതയിലെ തോപ്പ് സെന്റ് സ്റ്റീഫൻസ് ഇടവകയുടെ വികാരിയായി അച്ചൻ ചെയ്തുവരുന്ന സേവനങ്ങൾ ഏറെ പ്രശംസനീയമാണ്. പുനലൂർ രൂപതയുമായി നല്ലബന്ധം പുലർത്തുന്ന മേക്കാടനച്ചൻ വിശുദ്ധ ജോൺ ബോസ്കോയുടെ പ്രേഷിതചൈതന്യം ഉൾക്കൊണ്ട് സഭയ്ക്കും പൊതുജനസമൂഹത്തിനും ചെയ്യുന്ന എല്ലാ സേവനങ്ങളും എന്നും സ്മരിക്കപ്പെടും. പ്രിയപ്പെട്ട മേക്കാടനച്ചന് പൗരോഹിത്യ രജതജൂബിലിയുടെ എല്ലാവിധ അനുഗ്രഹങ്ങളും!

Rt. Rev. Dr. Selvister Ponnumuthan ★ Bishop of Punalur ★

+ Fr. P. S...

**സെൽവിസ്റ്റർ പൊന്നുമുത്തൻ**
പുനലൂർ രൂപതാ മെത്രാൻ



Fr. Mathew Thonikuzhiyil SDB
Provincial

Don Bosco Provincial House
P.B. No 551, Milton Street
Bangalore -5

## സന്ദേശം

നമ്മുടെ പ്രിയങ്കരനായ വികാരി തോമസ് മേക്കാടൻ അച്ചന്റെ പൗരോഹിത്യ രജത ജൂബിലി ആഘോഷിക്കുന്ന ഈ സാഹചര്യത്തിൽ ഡോൺബോസ്കോ ബാംഗ്ലൂർ പ്രൊവിൻസിന്റെ നാമത്തിൽ സർവ്വ ആശംസകളും നേരുന്നു. നാം എല്ലാ ദിവസവും പ്രാർത്ഥിക്കാറുള്ളതുപോലെ കൂടെ ആയിരിക്കുവാനും വചനം പ്രഘോഷിക്കുവാനും തിന്മയെ ചെറുക്കുവാനും അച്ചനു തുടർന്നും സാധിക്കട്ടെ എന്ന് ആശംസിക്കുന്നു. കഴിഞ്ഞ 25 വർഷത്തെ വിശ്വസ്തതയ്ക്ക് നന്ദിപറയുന്നതോടൊപ്പം അച്ചൻ ചെയ്ത എല്ലാ സേവനങ്ങളെയും നന്ദിയോടെ ഓർക്കുന്നു. ഇനിയും മേക്കാടനച്ചൻ പലർക്കും അനുഗ്രഹത്തിന്റെ നീർച്ചാലായി നിലനിൽക്കട്ടെ എന്ന പ്രാർത്ഥനാശംസയോടെ ദൈവാനുഗ്രങ്ങൾ നേർന്നുകൊണ്ട്.

**ഫാ. മാത്യൂ തോണിക്കുഴിയിൽ**
പ്രൊവിൻഷ്യൽ, ബാംഗ്ലൂർ പ്രൊവിൻസ്



**N.K. PREMACHANDRAN**
Member of Parliament
(Lok Sabha)
**Kollam, Kerala**

सत्यमेव जयते

'Maheswary',
Cantonment P.O.
Kollam - 691 001 (Kerala)
Tel.: 0474-2769922

9, Canning Lane
(Pt. Ravi Shankar Shukla Lane),
New Delhi - 110 001
Tel.: 011-23362261

## സന്ദേശം

കൊല്ലം തോപ്പ് സെന്റ് സ്റ്റീഫൻസ് ഇടവകയുടെ പ്രവർത്തനങ്ങൾ മാനവികതയുടെ അടിസ്ഥാന തത്വങ്ങളായ സ്നേഹവും സാഹോദര്യവും സർവ്വോപരി പരസ്പര സഹകരണവും ഊട്ടിയുറപ്പിക്കുന്നതാണ്. ആത്മീയ വിഷയങ്ങളിൽ ഊന്നൽ നൽകുന്നുതോടൊപ്പം ഭൗതീക ജീവിതത്തിലെ ധാർമ്മികതയ്ക്കും ഉൽകൃഷ്ടമായ സ്ഥാനം നൽകുന്ന ഫാദർ തോമസ് മേക്കാടൻ എസ്.ഡി.ബി.യുടെ സേവനം ഇടവകയ്ക്കും പ്രത്യേകിച്ച് സമൂഹത്തിന് പൊതുവായും ഗുണപ്രദമാണ്. പൗരോഹിത്യ സേവനത്തിന്റെ രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി പ്രസിദ്ധീകരിക്കുന്ന സുവനീർ വരുംതലമുറയ്ക്ക് ആത്മീയതയുടെയും ധാർമ്മികതയുടെയും വെളിച്ചം വീശുന്നതാകട്ടെ. സുവനീറിനും അനുബന്ധ പരിപാടികൾക്കും എല്ലാവിധ ആശംസയും നേരുന്നു.

**എൻ. കെ. പ്രേമചന്ദ്രൻ**



പി. കെ. ഗുരുദാസൻ
(കൊല്ലം)
മെമ്പർ
കേരള നിയമസഭ
എൻ. എസ്. മന്ദിരം
പോളയത്തോട്
കൊല്ലം

ഫോൺ :
കൊല്ലം : 0474-2796300
തിരുവനന്തപുരം :
എം.എൽ.എ. ഹോസ്റ്റൽ : 0471-2512366
: 0471-2577506
മൊബൈൽ : 9446070200
റൂം നമ്പർ 201, ചന്ദ്രഗിരി ബ്ലോക്ക്
എം. എൽ. എ. ഹോസ്റ്റൽ

സ്ഥലം: കൊല്ലം
തീയതി: 26/11/15

## സന്ദേശം

കൊല്ലം, തോപ്പ് സെന്റ് സ്റ്റീഫൻസ് ചർച്ച് വികാരി ഫാദർ തോമസ് മേക്കാടൻ എസ്. ഡി. ബി.യുടെ പൗരോഹിത്യത്തിന്റെ രജത ജൂബിലി ഈ വർഷം ആഘോഷിക്കുകയാണ് എന്നും ആഘോഷത്തിന്റെ ഭാഗമായി ഇടവകയുടെ മുഖപത്രമായ ഇടവക സന്ദേശത്തിന്റെ അടുത്ത ലക്കം വിശേഷാൽ പതിപ്പായി പ്രസിദ്ധീകരിക്കുന്നു എന്നും അറിഞ്ഞതിൽ വളരെയധികം സന്തോഷമുണ്ട്. ഇത്തരുണത്തിൽ പൗരോഹിത്യത്തിന്റെ രജതജൂബിലി നിറവിൽ നിൽക്കുന്ന ആദരണീയനായ ഫാദർ തോമസ് മേക്കാടനും, ഈ ആഘോഷത്തിന്റെ ഭാഗമായി പ്രസിദ്ധീകരിക്കുന്ന ഇടവക സന്ദേശം വിശേഷാൽ പതിപ്പിനും എന്റെ എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

ആശംസകളോടെ,

പി കെ ഗുരുദാസൻ



**Adv. V. RAJENDRABABU**
*Mayor*
*Municipal Corporation of Kollam*

"Nandanam"
Mathruka Nagar 149
Uliyacovil P.O.
Kollam - 691 019

## സന്ദേശം

തോപ്പ് സെന്റ് സ്റ്റീഫൻസ് ഇടവകയുടെ മുഖപത്രമായ ഇടവക സന്ദേശം (ദ്വൈമാസിക) ഡിസംബർ - ജനുവരി ലക്കം വികാരി ഫാദർ തോമസ് മേക്കാടൻ എസ്.ഡി.ബി.യുടെ പൗരോഹിത്യ രജത ജൂബിലി ആഘോഷത്തിന്റെ ഭാഗമായി വിശേഷാൽ പതിപ്പായി പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ എനിക്ക് അതിയായ സന്തോഷം ഉണ്ട്. ഈ സംരംഭത്തിന് എന്റെ എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

സ്നേഹാദരങ്ങളോടെ,

CORPORATION OFFICE

അഡ്വ. വി. രാജേന്ദ്രബാബു
മേയർ
കൊല്ലം കോർപ്പറേഷൻ



## സന്ദേശം

**മൊൺ. കെ. ജെ. യേശുദാസ്**
വികാരി ജനറാൾ, കൊല്ലം രൂപത.
ബിഷപ്പ്സ് ഹൗസ്, തങ്കശ്ശേരി

തോപ്പ് സെന്റ് സ്റ്റീഫൻസ് ഇടവകയുടെ 'ഇടവക സന്ദേശം' എന്ന ദ്വൈമാസികയുടെ ഒരു വിശേഷാൽപതിപ്പ് ഇടവക വികാരി റവ. ഫാ. തോമസ് മേക്കാടന്റെ പൗരോഹിത്യ രജത ജൂബിലി സ്മരണികയായി പ്രസിദ്ധീകിരിക്കുന്നുവെന്ന് കേട്ടതിൽ സന്തോഷമുണ്ട്.

നാല്പതുവർഷമായി തോപ്പ് ഇടവക അജപാലന ശുശ്രൂഷ നിർവഹിക്കുന്നത് അഭിവന്ദ്യ ജെറോം പിതാവ് ക്ഷണിച്ചുവരുത്തിയ സലേഷ്യൻ സഭാംഗങ്ങളായ വൈദികരാണ്. 1975 - നുമുമ്പ് പുരോഹിതരായി കൊല്ലം രൂപതയിൽ സേവനം ചെയ്തുകൊണ്ടിരിക്കുന്ന രൂപതാ വൈദികർ അഞ്ചുപേർ മാത്രമാണ്. അതുകൊണ്ട് 40 വർഷത്തിനു മുമ്പത്തെ തോപ്പ് ഇടവകയുടെ അവസ്ഥയും ഇന്നത്തെ തോപ്പ് ഇടവകയുടെ അവസ്ഥയും അറിയാവുന്ന വൈദീകർ തീരെ കുറവാണ്. സലേഷ്യൻ വൈദികർ സേവനം അനുഷ്ഠിക്കുന്ന തോപ്പ് ഇടവകയിലെ വിശ്വാസപരിശീലന ശുശ്രൂഷയും സാമൂഹ്യസേവനവും യുവജന ശുശ്രൂഷയുമൊക്കെ വളരെ ശ്ലാഘനീയമാണ്. അവരെ അഭിനന്ദിക്കുന്നു. ഇക്കാലഘട്ടത്തിൽ ഇടവകയുടെ ആത്മീയവും ഭൗതികവുമായ വളർച്ചയ്ക്കും വികസനത്തിനും വേണ്ടി സ്തുത്യർഹമായ അജപാലന ശുശ്രൂഷ കാഴ്ചവയ്ക്കുന്ന ഫാ. തോമസ് മേക്കാടന് പൗരോഹിത്യ രജത ജൂബിലിയുടെ മംഗളങ്ങളും പ്രാർത്ഥനാശംസകളും നേരുന്നു.

**മൊൺ. കെ. ജെ. യേശുദാസ്**
വികാരി ജനറാൾ, കൊല്ലം രൂപത.



**മൊൺ. ജോർജ്ജ് മാത്യൂ**
*രൂപത ഡയറക്ടർ*
*കെ.സി.ബി.സി. മദ്യവിരുദ്ധസമിതി*
*ബിഷപ്പ്സ് ഹൗസ് കൊല്ലം*

## സന്ദേശം

പൗരോഹിത്യ ജീവിതത്തിൽ 25 വർഷം സ്തുത്യർഹമാംവിധം പൂർത്തിയാക്കിയ ഫാ. തോമസ് മേക്കാടൻ അച്ചന് അഭിനന്ദനങ്ങളും ആശംസകളും. വിളിച്ചവനോടും വിളിയോടും വിശ്വസ്തത പുലർത്തി ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ കാൽനൂറ്റാണ്ട് പിന്നിടുവാൻ തോമസ് അച്ചന് സാധിച്ചതിൽ അച്ചനോടൊപ്പം മഹാപുരോഹിതനായ ക്രിസ്തുനാഥന്റെ മുമ്പിൽ കൂപ്പുകൈ ഉയർത്തുന്നു. സലേഷ്യൻ സന്ന്യാസ സഭയുടെ ശുശ്രൂഷാ ചൈതന്യം ജീവിത ശൈലിയാക്കിയ തോമസ് അച്ചൻ അജപാലന ദൗത്യനിർവ്വഹണത്തിൽ പാലിക്കുന്ന കർത്തവ്യബോധം ശ്ലാഘനീയമാണ്. പുരോഹിതൻ മറ്റുള്ളവർക്കുവേണ്ടി വിളിക്കപ്പെട്ടവനും നിയോഗിക്കപ്പെട്ടവനും ആണെന്നുള്ള യാഥാർത്ഥ്യം മേക്കാടനച്ചന്റെ ജീവിത ശൈലിയിൽ പ്രകടമാണ്. ഇടവക മക്കളുടെ സർവ്വതോന്മുഖമായ ഉന്നമനത്തിനുവേണ്ടി കർമ്മപദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും അച്ചൻ അങ്ങേയറ്റം ശ്രദ്ധാലുവാണ്. രൂപതാ വൈദികരോടുള്ള സമീപനവും ഇടപെടലും ഏറെ സൗഹാർദ്ദപരമാണ്. രൂപത തലത്തിൽ ബി.സി.സി. കൂട്ടായ്മകളുടെ വളർച്ചയ്ക്ക് അച്ചന്റെ സേവനം വളരെ വലുതാണ്. ജൂബിലിയുടെ അടുത്തഘട്ടത്തിലേക്ക് കർമ്മനിരതനായി നടന്നു നീങ്ങുവാൻ ദൈവത്തിന്റെ കൃപ തോമസച്ചനോടൊപ്പം ഉണ്ടായിരിക്കട്ടെ.

രജത ജൂബിലി ആശംസകൾ

**മൊൺ. ജോർജ്ജ് മാത്യൂ**



## COMMISSION FOR BASIC CHRISTIAN COMMUNITIES
DIOCESE OF QUILON
BISHOP CATALANI CENTRE, KOLLAM 691001

### സന്ദേശം

ഡോൺ ബോസ്കോയുടെ ജീവിതവും ചിന്തകളും എന്നെ വല്ലാതെ സ്വാധീനിച്ചു. ഒരു പക്ഷേ അതുകൊണ്ടാകാം സലേഷ്യൻ വൈദികരോട് തുടക്കം മുതൽ തന്നെ ഒരു പ്രത്യേക അടുപ്പം തോന്നിയിരുന്നത്. രൂപതിയിലെ ബി.സി.സി. പ്രവർത്തനവുമായി മുന്നോട്ട് പോകുമ്പോഴാണ് തോപ്പ് ഇടവക വികാരി തോമസ് മേക്കാടൻ അച്ചനുമായി ചങ്ങാത്തത്തിലായത്. കണ്ടുമുട്ടിയ നാൾ മുതൽ മേക്കാടനച്ചൻ എന്നെ ഒത്തിരി ആകർഷിച്ചു. സ്വതസിദ്ധമായ നർമ്മരസം കലർന്ന സംഭാഷണവും എന്നാൽ കാര്യഗൗരവത്തോടെയുള്ള ചർച്ചകളും ഇടവക കൂട്ടായ്മകൾ എല്ലാ ഇടവകകളിലും സജീവമാക്കണമെന്ന ആഗ്രഹത്തോടെ വൈദികരെ വിളിച്ചുചേർത്ത് ചർച്ച നടത്തിയപ്പോഴൊക്കെ വ്യക്തമായും അനുഭവത്തിന്റെ വെളിച്ചത്തിലും കൃത്യതയോടെ പ്രവർത്തിപഥത്തിൽ കൊണ്ടുവരാവുന്ന നിർദ്ദേശങ്ങൾ നൽകിയത് തോമസച്ചനായിരുന്നു. എപ്പോഴും ഓടിയെത്താനും സഹകരിക്കാനും പൂർണ്ണ മനസ്സുകാട്ടുന്ന തോമസ് അച്ചൻ എനിക്ക് എന്നും ആശ്വാസമാണ്.

തോപ്പ് ഇടവക പ്രവർത്തന രീതിയാണ് അടിസ്ഥാന ക്രൈസ്തവ സമൂഹജീവിതത്തിന് കൊല്ലം രൂപതയിലെ ഇടവകകൾക്ക് മാതൃക. സഭാ ചട്ടങ്ങളും നിയമങ്ങളും പാലിക്കുന്നതിൽ കാണിക്കുന്ന നിർബന്ധവും ബി.സി.സി. യോഗങ്ങളും നേതൃത്വകൂട്ടായ്മയും മുറതെറ്റാതെ നടത്തുന്നതിൽ കാണിക്കുന്ന തീക്ഷണത വിസ്മരിക്കാനാവില്ല. ഇടവകയുടെ സജീവതയ്ക്ക് കാരണവും അച്ചന്റെ ജ്വലിക്കുന്ന ആത്മാവുതന്നെയാണ്. രൂപത ബി.സി.സി. സമിതിയിൽ അച്ചന്റെ സാന്നിദ്ധ്യം ഒഴിവാക്കാനാവാത്തതാണ്. തീരുമാനങ്ങൾ എടുക്കുംമുമ്പ് അച്ചനോട് അഭിപ്രായം ചോദിക്കാതിരിക്കുന്നത് വളരെ വിരളമാണ്. അതുപോലെതന്നെ ബി.സി.സി. സമിതികളിൽ വൈദികർക്കും സന്യസ്തർക്കും അല്മായർക്കും ഒരുപോലെ പ്രിയങ്കരനാണ് തോമസ് അച്ചൻ. രൂപതയിലെ വൈദികർ മിക്കപ്പോഴും തോപ്പ് ഇടവകയിലെ തിരുക്കർമ്മങ്ങൾക്ക് ക്ഷണിക്കപ്പെടുന്നു. എല്ലാവൈദികരോടും സൗഹൃദം സ്ഥാപിച്ച് നിലനിർത്താനുള്ള അച്ചന്റെ കഴിവാണ് അതിനു കാരണം. സുസ്മേരവദനനായി സ്വാഗതം ചെയ്യുന്ന ചുറുചുറുക്കുള്ള തോമസ് അച്ചനെ കാണുക, സംസാരിക്കുക, ആശയങ്ങൾ പങ്കുവയ്ക്കുക, ഒരു പുത്തനുണർവ്വാണ്. ജൂബിലിയുടെ നിറവിൽ അച്ചനും ഇടവക ജനത്തിനും അനുഗ്രഹ പൂമഴ പെയ്യട്ടെ - പ്രാർത്ഥിക്കുന്നു.

**റവ. ഫാ. ജോസഫ് സുഗുൺ ലിയോൺ**
ബി.സി.സി. രൂപത ഡയറക്ടർ



To Love is to Serve
BishopBenzigerHOSPITAL

മൊൺ: ഫെർഡിനാന്റ് പീറ്റർ
ഡയറക്ടർ, ബിഷപ്പ് ബെൻസിഗർ ആശുപത്രി

### സന്ദേശം

റവ. ഫാദർ തോമസ് മേക്കാട്ടുപറമ്പിൽ പൗരോഹിത്യ രജത ജൂബിലി ആഘോഷിക്കുന്ന വിവരം സന്തോഷത്തോടെയാണ് അറിയുന്നത്.

തോപ്പ് ഇടവകാതിർത്തിയിൽ സ്ഥിതിചെയ്യുന്ന ഒരു സ്ഥാപനമാണ് ബിഷപ്പ് ബെൻസിഗർ ആശുപത്രി. അതിനാൽ തന്നെ ഈ സന്തോഷത്തിൽ പങ്കുചേരാനും ദൈവത്തിന് നന്ദി പറയുവാനും ഞങ്ങൾക്ക് സന്തോഷമുണ്ട്.

ബഹുമാനപ്പെട്ട തോമസ് മേക്കാട്ടു പറമ്പിലച്ചന്റെ നേതൃത്വത്തിൽ ഇടവകയ്ക്ക് കൂടുതൽ വളർച്ചയും നന്മയും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ജൂബിലി ആശംസകൾ

BishopBenzigerHOSPITAL BEACH ROAD, KOLLAM

**മൊൺ: ഫെർഡിനാന്റ് പീറ്റർ**
ഡയറക്ടർ



## ഫാ. അനിൽ ജോസ്
ഫെറോനാ വികാരി
തുയ്യം ഫെറോന

### സന്ദേശം

ജൂബിലിയുടെ നിറവിലായിരിക്കുന്ന റവ. തോമസ് മേക്കാടൻ അച്ചന് തുയ്യം ഫെറോനായുടെ നിറപൂച്ചെണ്ടുകൾ. പൗരോഹിത്യത്തിന്റെ 25 വർഷം പൂർത്തിയാക്കുക എന്നുള്ളത് ദൈവ കരത്തിന്റെ കൈയ്യൊപ്പാണ്. തന്നെ എല്പിച്ച ദൗത്യം ഭംഗിയായി നിർവ്വഹിച്ചതിൽ ദൈവത്തിന് നന്ദി പറയുന്ന ഒരവസരം കൂടിയാണ് ഈ നിമിഷം.

തന്റെ ജനത്തിനുവേണ്ടി ബലിയാകുവാൻ തെരഞ്ഞെടുത്ത ഇടയന്റെ ദൗത്യനിർവ്വഹണത്തെ സൂചിപ്പിക്കുന്ന ഒരവസരം കൂടിയാണ് ജൂബിലി. ഫാദർ തോമസ് മേക്കാടനെ നന്ദിപൂർവ്വം അഭിനന്ദിക്കുന്നു. പ്രാർത്ഥിക്കുന്നു. നിറവോടുകൂടി നീണ്ടനാൾ കർത്താവിന് വേണ്ടി, കർത്താവ് ഏല്പിച്ച ജനത്തിനു വേണ്ടി ആയുരാരോഗ്യത്തോടെ സേവനം ചെയ്യുവാൻ ദൈവം അങ്ങയെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

കൊല്ലം രൂപതിയിലെ തുയ്യം ഫെറോനായുടെ പ്രവർത്തനങ്ങളിൽ, ഏറെ പ്രത്യേകിച്ചും അടിസ്ഥാന ക്രൈസ്തവ ശുശ്രൂഷയുടെ സജീവ സാന്നിദ്ധ്യമാണ് അച്ചൻ. തോപ്പ് ഇടവകയുടെ നാനാവിധമായ പുരോഗതിയിൽ ബദ്ധശ്രദ്ധനാണ്. ഉത്തരവാദിത്തത്തോടെ, ദീർഘവീക്ഷണത്തോടെ പ്രവർത്തിക്കുന്ന മേക്കാടനച്ചന് തുയ്യം ഫെറോനായുടെ ജൂബിലി മംഗളാശംസകൾ.

സ്നേഹത്തോടെ,

**ഫാ. അനിൽ ജോസ്**
ഫെറോനാ വികാരി.



## ഫാ. പോൾസൺ കന്നപ്പിള്ളി എസ്.ഡി.ബി.
റെക്ടർ, ഡോൺ ബോസ്കോ, വടുതല

### സന്ദേശം

സമർപ്പിതരുടെ ഈ വർഷം മൂന്നുകാര്യങ്ങളാണ് ഫ്രാൻസിസ് മാർപാപ്പ സന്ന്യസ്തരിൽ നിന്ന് ആവശ്യപ്പെടുന്നത്. (1) നന്ദി നിറഞ്ഞ ഹൃദയത്തോടെ ഭൂതകാലത്തെ അനുസ്മരിക്കുക. (2) വർത്തമാനകാലം ഏറ്റവും തീക്ഷ്ണമായി ജീവിക്കുക. (3) ഭാവിയെ പ്രത്യാശയോടെ ആശ്ലേഷിക്കുക. ബഹു, തോമസ് അച്ചൻ രജത ജൂബിലി ആഘോഷിക്കുന്ന ഈ വേളയിൽ ഈ മൂന്നുകാര്യങ്ങൾക്കും ഏറെ പ്രസക്തിയുണ്ടെന്ന് കരുതുന്നു. പൂർത്തിയാക്കിയ 25 വർഷത്തെ പൗരോഹിത്യ ശുശ്രൂഷയുടെ കാലയളവിൽ ദൈവം ചൊരിഞ്ഞ എണ്ണമറ്റ അനുഗ്രഹങ്ങൾക്ക് ഈ അവസരത്തിൽ നന്ദിപ്രകാശിപ്പിക്കാം. തന്നെ ഭരമേൽപ്പിച്ച ഉത്തരവാദിത്വങ്ങൾ ഏറ്റവും വിശ്വസ്തതയോടെ നിർവ്വഹിച്ചുകൊണ്ട് തന്റെ വർത്തമാനകാല ജീവിതം തീക്ഷ്ണകരമാക്കുവാൻ അദ്ദേഹം പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. തോമസച്ചൻ കൊല്ലത്തുവരുന്നത് എഫ്.സി.ഡി.പി.യുടെ ഡയറക്ടർ എന്ന നിലയിലായിരുന്നു. പ്രതിസന്ധിയുടെ ആ കാലഘട്ടത്തിൽ ആ സ്ഥാപനത്തെ ശക്തിപ്പെടുത്തുവാനും വളർത്തുവാനും ഏറെ ത്യാഗങ്ങൾ അദ്ദേഹം സഹിച്ചിട്ടുണ്ട്. ആ സ്ഥാപനത്തിന്റെ സാരഥ്യം വഹിച്ചുകൊണ്ട് സ്ഥിരോത്സാഹത്തോടും നിശ്ചയദാർഢ്യത്തോടും കൂടി തീരദേശത്തിന്റെ വികസനത്തിനുവേണ്ടി അദ്ദേഹം ചെയ്ത സേവനങ്ങളെ വിസ്മരിക്കുവാൻ സാധിക്കുകയില്ല. റെക്ടർ എന്ന നിലയിലും പിന്നീട് റെക്ടറും വികാരിയുമെന്ന നിലയിലും ഇപ്പോൾ വികാരി എന്ന നിലയിലും തോപ്പ് ഇടവകയുടെ ആദ്ധ്യാത്മികവും ഭൗതീകവുമായ പുരോഗതിക്കുവേണ്ടി തോമസ് അച്ചൻ നൽകിയ സംഭാവനകൾ നിസ്തുലമാണ്. തോപ്പ് ദേവാലയത്തിന്റെ പുനഃനിർമ്മാണം പൂർത്തികരിക്കുവാനും അതിന്റെ സമർപ്പണത്തിന് നേതൃത്വം കൊടുക്കുവാനുമുള്ള നിയോഗം തോമസച്ചനായിരുന്നു. പുരോഹിതനെന്ന വാക്കിന്റെ അർത്ഥം മുമ്പിൽ നിന്ന് നയിക്കുന്നവൻ എന്നാണെന്ന് ഭാഷാപടുക്കൾ പറയുന്നു. പോയവർഷങ്ങളിൽ വിവിധ ഉത്തരവാദിത്വങ്ങളിൽ ബഹു. തോമസ് അച്ചൻ നമ്മെ മുമ്പിൽ നിന്ന് നയിക്കുകയായിരുന്നു. ദൈവം ഏൽപ്പിച്ച ഈ ദൗത്യം വിശ്വസ്തതയോടെ, അർപ്പണബോധത്തോടെ അദ്ദേഹം നിറവേറ്റിക്കൊണ്ടിരിക്കുന്നു. ഡാഗ് ഹാമർഷോൾഡ് പറയുന്നതുപോലെ തോമസച്ചനും പറയാൻ സാധിക്കും. "കഴിഞ്ഞുപോയ എന്റെ ജീവിതത്തിൽ സംഭവിച്ചതിനെല്ലാം ദൈവമേ നന്ദി. അങ്ങയുടെ തിരുവിഷ്ടത്തിനു വിധേയമായി സംഭവിക്കാൻ പോകുന്നതെല്ലാം എന്റെ നന്മയ്ക്കാണെന്ന് അറിഞ്ഞുകൊണ്ട് ഞാൻ സ്വമനസ്സാ സ്വീകരിക്കുന്നു."

രജത ജൂബിലി ആശംസകളോടെ,

**ഫാ. പോൾസൺ കന്നപ്പിള്ളി എസ്.ഡി.ബി.**



**Fr. John Baptist**
Superior

St. Antony's Friary
Tillery, Kollam

## ആശംസ

മനുഷ്യമനസ്സാക്ഷിയുടെ സംരക്ഷകനാണ് ഒരോ വൈദീകനും. കൊല്ലം രൂപതയിൽ തോപ്പ് ഇടവകയിലെ സെന്റ് സ്റ്റീഫൻസ് ഇടവകയുടെ ഇടയനായ ഫാ. തോമസ് മേക്കാടനെകുറിച്ചോർക്കുമ്പോഴും എന്റെ മനസ്സിൽ തെളിയുന്ന ചിത്രം ഇതുതന്നെയാണ്. ഇടവക മക്കളുടെ ആത്മീയവും ഭൗതീകവുമായ തലങ്ങളെ അടുത്തറിയുകയും അവരുടെ ജീവിതത്തിന് ആത്മീയതയിൽ ഊന്നിയ സംരക്ഷണവും മാർഗ്ഗനിർദ്ദേശവും നൽകുന്ന നല്ല ഇടയനാണ് തോമസ് അച്ചൻ. ഡോൺബോസ്കോയുടെ ജീവിതവും ആദ്ധ്യാത്മീകതയും ആഴത്തിൽ പിന്തുടരുന്ന അച്ചൻ ചെയ്തു വരുന്ന എല്ലാ പ്രവർത്തനങ്ങളും പ്രശംസാർഹമാണ്. ജൂബിലി ആശംസകളോടൊപ്പം ദൈവത്തിന്റെ കരം അച്ചനിലൂടെ ഇടവകമക്കൾ ദർശിക്കട്ടെ എന്ന് ആത്മാർത്ഥമായി ആശംസിക്കുന്നു.

തില്ലേരി ആശ്രമത്തിലെ എല്ലാ അന്തേവാസികളുടെയും പേരിൽ പൗരോഹിത്യ രജത ജൂബിലി ആശംസകൾ ദൈവനാമത്തിൽ നേരുന്നു..

**ഫാ. ജോൺ ബാപ്റ്റിസ്റ്റ്**
(സുപ്പീരിയർ, തില്ലേരി ആശ്രമം)

## പുതുപൂക്കൾ



19-9-2015 രാഖി ആർ., കാവനാട്
21-9-2015 ഷിജു പോൾ, തൃശൂർ
25-9-2015 ദിവ്യാഉണ്ണി, തഴവ
26-9-2015 ആഗ്നൽ എ. പള്ളിത്തോട്ടം
26-9-2015 ആൻലിയ മേരി അനു പള്ളിത്തോട്ടം
10-10-2015 എയ്സൻ എ. ഇരവിപുരം
10-10-2015 ആൻഡ്രിയ പള്ളിത്തോട്ടം
17-10-2015 അശ്വിൻ അലക്സ്, പള്ളിത്തോട്ടം

## നവദമ്പതികൾ

24-9-2015 സാംസൺ & ഡയാന
28-9-2015 പാട്രിക് സെബാസ്റ്റ്യൻ & സരിഗ ഒ.എസ്.
22-10-2015 ഷിബു ജോൺസൺ & രാഖി. ആർ.





## മാർഗ്ഗ ദീപം



### കൂട്ടായ്മയിലെ മദ്ധ്യസ്ഥർ:

| | | |
|---|---|---|
| വിശുദ്ധ ഫ്രാൻസിസ് സേവ്യർ | - | ഡിസംബർ 3 |
| വിശുദ്ധ ഫിലിപ്പ് റിനാൾഡി | - | ഡിസംബർ 5 |
| വിശുദ്ധ നിക്കോളാസ് | - | ഡിസംബർ 6 |
| വിശുദ്ധ സ്റ്റീഫൻ | - | ഡിസംബർ 26 |
| വിശുദ്ധ ജോൺ ദ അപ്പസ്തോലേറ്റ് | - | ഡിസംബർ 27 |
| തിരുക്കുടുംബം | - | ഡിസംബർ 29 |
| വിശുദ്ധ ബേയ്സിൽ | - | ജനുവരി 2 |
| വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ് | - | ജനുവരി 3 |
| വിശുദ്ധ സെബാസ്റ്റ്യൻ | - | ജനുവരി 20 |
| വിശുദ്ധ ലൗറ വിക്കുന്ന | - | ജനുവരി 22 |
| വിശുദ്ധ ഫ്രാൻസിസ് സാലസ് | - | ജനുവരി 24 |
| വിശുദ്ധ ജോൺ ബോസ്കോ | - | ജനുവരി 31 |
| വിശുദ്ധ ജോൺ ബ്രിട്ടോ | - | ഫെബ്രുവരി 4 |
| വിശുദ്ധ റ്റൈറ്റസ് | - | ഫെബ്രുവരി 6 |
| ലൂർദ്ദ് മാതാ | - | ഫെബ്രുവരി 11 |
| വിശുദ്ധ ലൂയിജി വെർസിലിയ | - | ഫെബ്രുവരി 25 |
| വിശുദ്ധ കലിസ്റ്റോ കരവാരിയോ | - | ഫെബ്രുവരി 25 |
| വിശുദ്ധ ഗബ്രിയേൽ | - | ഫെബ്രുവരി 27 |

## ഡിസംബർ 2015

**1–12–2015 ചൊവ്വ** : സെന്റ് ആന്റണീസ് ചാപ്പൽ, കായിക്കര : നൊവേന, ദിവ്യബലി.

**3–12–2015 വ്യാഴം** : വി. ഫ്രാൻസിസ് സേവ്യറിന്റെ തിരുനാൾ - ബി.സി.സി. താമരക്കുളം കന്റോൺമെന്റ്.

**4–12–2015 വെള്ളി** : മാസാദ്യവെള്ളി : ദിവ്യബലി, ആരാധന, തോപ്പ് & പോളയത്തോട്

**5–12–2015 ശനി** : പൊതു ആരാധന വാഴ്ത്ത: ഫിലിപ്പ് റിനാൾഡി തിരുനാൾ ബി.സി.സി. മുണ്ടയ്ക്കൽ വെസ്റ്റ്.

**6–12–2015 ഞായർ** : ആഗമനകാലം രണ്ടാം ഞായർ ലൂക്ക 3:1-6.

**ദിവ്യബലി ഒരുക്കം** : വാഴ്ത്ത. മദർ തെരേസ യൂണിറ്റ് - സെഞ്ച്വറി നഗർ.
വിശുദ്ധ നിക്കോളാസിന്റെ തിരുനാൾ ബി.സി.സി. അനുഗ്രഹനഗർ.
• ഫാ. സി. പി. ജോസഫിന്റെ 18-ാം ചരമ വാർഷികം.

**8–12–2015 ചൊവ്വ** : അമലോത്ഭവ തിരുനാൾ
• ഇടവക ദിനം : സമർപ്പിതരെ ആദരിക്കൽ
• സഭ കരുണയുടെ വർഷം ആരംഭിക്കുന്നു.

**11–12–2015 വെള്ളി** : സെന്റ് ജോർജ്ജ് ചാപ്പൽ സ്നേഹകുന്ന്, നൊവേന, ദിവ്യബലി.

**12–12–2015 ശനി** : ബി.സി.സി. ഭാരവാഹികളുടെ രൂപതാ ക്രിസ്മസ് സംഗമം • ഇടവക ഫുഡ് ഫെസ്റ്റ് - മതബോധനവിഭാഗം.

**13–12–2015 ഞായർ** : ആഗമനകാലം മൂന്നാം ഞായർ : ലൂക്ക 3:10-18 • **ദിവ്യബലി ഒരുക്കം** : വിശുദ്ധ അന്ന യൂണിറ്റ് തില്ലേരി. • കരുണയുടെ ജൂബിലി വർഷം രൂപതാ തല ഉദ്ഘാടനം.

**16–12–2015 ബുധൻ** : **സെന്റ് സ്റ്റീഫന്റെ തിരുനാൾ സമാരംഭം : തിരുനാൾ കൊടിയേറ്റ്**
• വൈകുന്നേരങ്ങളിൽ 5.30 ന് ജപമാല, നൊവേന, ദിവ്യബലി • സ്റ്റാൻലി റോമൻ പിതാവിന്റെ മെത്രാഭിഷേക വാർഷികം.

**19–12–2015:** **വാർഡ്തല പുൽക്കൂട് മത്സരം**

**20–12–2015 ഞായർ** : ആഗമനകാലം നാലാം ഞായർ ലൂക്ക 1:39-45 • **ദിവ്യബലി ഒരുക്കം** : വി.ബനഡിക്ട് യൂണിറ്റ്, തില്ലേരി • **ഇടവകതല പുൽക്കൂട് മത്സരം**

**23–12–2015 ബുധൻ** : ക്രിസ്ത്യാനികളുടെ സഹായ മാതാവിന്റെ സ്തുതിക്കായി നൊവേന, ദിവ്യബലി - തോപ്പ് & പോളയത്തോട്

**24–12–2015 വ്യാഴം** : രാത്രി 11.45 ന്
**പിറവി തിരുനാൾ (ക്രിസ്മസ്)**

**25–12–2015 വെള്ളി** : **ക്രിസ്മസ്** - രാവിലെ 8 ന് ദിവ്യബലി • വൈകിട്ട് 5 ന് ജപമാല, നൊവേന, ഭക്തിനിർഭരമായ തിരുനാൾ പ്രദക്ഷിണം, വചന പ്രഘോഷണം, വേസ്പര

**26–12–2015 ശനി** : **വി. സ്റ്റീഫന്റെ തിരുനാൾ**
• ആഘോഷമായ തിരുനാൾ സമൂഹബലി, പ്രഥമദിവ്യകാരുണ്യ സ്വീകരണം • ബി.സി.സി. സ്നേഹക്കുന്ന്

**27–12–2015 ഞായർ** : **ലൂക്ക. 2: 41–52** • തിരുക്കുടുംബത്തിന്റെ തിരുനാൾ (ബി.സി.സി. മുണ്ടയ്ക്കൽ വെസ്റ്റ്) ജോൺ ദി അപ്പസ്തോൽ തിരുനാൾ - ബി.സി.സി. അഞ്ജലി നഗർ
• **ദിവ്യബലി ഒരുക്കം** : വി. റാഫേൽ യൂണിറ്റ് - ഡോൺബോസ്കോ നഗർ എ

• ഇടവക വികാരി ഫാ. തോമസ് മേക്കാടന്റെ പൗരോഹിത്യ രജത ജൂബിലി ആഘോഷം (വൈകുന്നേരം 3.30) - വിവിധ പരിപാടികൾ

28-12-2015 : ഇംഗ്ലീഷ് കുർബ്ബാന

**31–12–2015 വ്യാഴം** : രാത്രി 11 മണിക്ക് ആരാധന

**പുതുവർഷ ദിവ്യബലി**

## ജനുവരി 2016

**1–1–2016 വെള്ളി** : **നവവത്സരദിനം** • പരിശുദ്ധ കന്യകാ മറിയത്തിന്റെ ദൈവമാതൃത്വം • മാസാദ്യ വെള്ളി - ദിവ്യബലി, ആരാധന തോപ്പ് & പോളയത്തോട്

**2–1–2016 ശനി** : വിശുദ്ധ ബേയ്സലിന്റെ തിരുനാൾ, ബി.സി.സി. തില്ലേരി

**3–1–2016 ഞായർ** : പ്രത്യക്ഷീകരണ തിരുനാൾ മത്തായി 2:1-12 • വി. ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചന്റെ തിരുനാൾ - ബി.സി.സി. മുണ്ടയ്ക്കൽ വെസ്റ്റ് • **ദിവ്യബലി ഒരുക്കം** : വി. ജേക്കബ് യൂണിറ്റ് എച്ച്. & സി. വാർഡ് • ബി.സി.സി. ഭാരവാഹികളുടെ ക്രിസ്മസ് സംഗമം.

**5–1–2016 ചൊവ്വ**: സെന്റ് ആന്റണീസ് ചാപ്പൽ കായിക്കര, നൊവേന, ദിവ്യബലി

**8–1–2016 വെള്ളി** : സെന്റ് ജോർജ്ജ് ചാപ്പൽ സ്നേഹക്കുന്ന്, നൊവേന, ദിവ്യബലി

**10–1–2016 ഞായർ** : **യേശുവിന്റെ ജ്ഞാനസ്നാന തിരുനാൾ** - ലൂക്ക 3: 15-16, 21-22 • **ദിവ്യബലി ഒരുക്കം** : വാഴ്ത്തപ്പെട്ട മൈക്കിൾ റുവാ യൂണിറ്റ്, താമരക്കുളം-കന്റോൺമെന്റ് വാർഡ്

**14–1–2016 വ്യാഴം** : വാഴ്ത്ത. ദേവസഹായം പിള്ള യുടെ തിരുനാൾ

**17–1–2016 ഞായർ** : യോഹ. 2:1-11 • **ദിവ്യബലി ഒരുക്കം** വി. ലൂയിജി വെർസിലിയ യൂണിറ്റ്, സെഞ്ച്വറി നഗർ

**20–1–2016 ബുധൻ** : വി. സെബസ്ത്യാനോസിന്റെ തിരുനാൾ ആരംഭം (തില്ലേരി കുരിശ്ശടി), ബി.സി. സി. ഡോൺബോസ്കോ നഗർ എ.

**21–1–2016 വ്യാഴം** : ഡോൺ ബോസ്കോയുടെ തിരുനാൾ കൊടിയേറ്റ്

**22–1–2016 വെള്ളി** വാഴ്ത്തപ്പെട്ട ലൗറാവിക്കുന്ന യുടെ തിരുനാൾ ബി.സി.സി. അനുഗ്രഹനഗർ

**23–1–2016 ശനി** : ക്രിസ്ത്യാനികളുടെ സഹായമാ താവിന്റെ സ്തുതിക്കായി നൊവേന, ദിവ്യബലി തോപ്പ് & പോളയത്തോട്

**24–1–2016 ഞായർ** : ലൂക്ക 1:1-4, 4:14-21 വി. ഫ്രാൻസിസ് സാലസിന്റെ തിരുനാൾ ബി.സി.സി. സെഞ്ച്വറി നഗർ • **ദിവ്യബലി ഒരുക്കം** : വിശുദ്ധ സൈമൺ യൂണിറ്റ് സ്നേഹക്കുന്ന്.

**26–1–2015 ചൊവ്വ** : റിപ്പബ്ലിക് ദിനം

**30–1–2015 ശനി** : ഡോൺബോസ്കോയുടെ തിരു നാൾ പ്രദക്ഷിണം

**31–1–2015 ഞായർ** : ലൂക്ക 4: 21-30 ഡോൺ ബോസ്കോയുടെ തിരുനാൾ സമൂഹബലി.
- ബി.സി.സി. സെഞ്ച്വറി നഗർ
- ഇംഗ്ലീഷ് കുർബ്ബാന

## ഫെബ്രുവരി

**2–2–2016 ചൊവ്വ** : കർത്താവിന്റെ സമർപ്പണം • സെന്റ് ആന്റണി ചാപ്പൽ, കായിക്കര, നൊവേന, ദിവ്യബലി • സമർപ്പിതവർഷം സമാപനം

**4–2–2016 വ്യാഴം** : വി. ജോൺ ബ്രിട്ടോയുടെ തിരു നാൾ • ബി.സി.സി. അനുഗ്രഹ നഗർ

**5–2–2016 വെള്ളി** : വിശുദ്ധ റൈറ്റസിന്റെ തിരു നാൾ • ബി.സി.സി. തില്ലേരി • മാസാദ്യവെള്ളി : ദിവ്യബലി, ആരാധന തോപ്പ് & പോളയത്തോട്

**7–2–2016 ഞായർ** ലൂക്കാ 5:1-11 • **ദിവ്യബലി ഒരുക്കം** : മരിയ ഗൊരേറ്റി യൂണിറ്റ്, ഡോൺ ബോസ്കോ നഗർ എ-വാർഡ് • ബി.സി.സി. ഭാരവാഹികളുടെ മീറ്റിംഗ്

**10–2–2016 ബുധൻ** : വിഭൂതി തിരുനാൾ

**11–2–2016 വ്യാഴം** : ലൂർദ്ദ് മാതാവിന്റെ തിരുനാൾ

**12–2–2016 വെള്ളി** : സെന്റ് ജോർജ്ജ് ചാപ്പൽ സ്നേഹക്കുന്ന്, നൊവേന, ദിവ്യബലി

**14–2–2016 ഞായർ** : തിരുബാലസഖ്യദിനം, നോമ്പിലെ ഒന്നാം ഞായർ - ലൂക്ക 4:1-13 •**ദിവ്യാബലി ഒരുക്കം:** വിശുദ്ധ തോമസ് യൂണിറ്റ്, അനുഗ്രഹ നഗർ.

**16–2–2016 ചൊവ്വ** : **ബീച്ച് ബൈബിൾ കൺവെൻഷൻ** ആരംഭം

**18–2–2016 വ്യാഴം** : വിശുദ്ധ സൈമൺ തിരുനാൾ • ബി.സി.സി. സ്നേഹക്കുന്ന്

**20–2–2016 ശനി** : ബീച്ച് ബൈബിൾ കൺവെൻഷൻ സമാപനം

**21–2–2016 ഞായർ** : നോമ്പിലെ 2-ാം ഞായർ ലൂക്ക 9: 28-36 • **ദിവ്യബലി ഒരുക്കം** : വിശുദ്ധ ആൻഡ്രൂസ് യൂണിറ്റ്, അനുഗ്രഹ നഗർ.

**24–2–2016 ബുധൻ** : ക്രിസ്ത്യാനികളുടെ സഹായ മാതാവിന്റെ സ്തുതിക്കായി നൊവേന, ദിവ്യബ ലി - തോപ്പ് & പോളയത്തോട്

**25–2–2016 വ്യാഴം** : വിശുദ്ധ ലൂയിജി വെർസി ലിയ തിരുനാൾ. ബി.സി.സി. സെഞ്ച്വറി നഗർ, വിശുദ്ധ കലിസ്റ്റോ കരവാരിയോ തിരുനാൾ, ബി. സി.സി. സെഞ്ച്വറി നഗർ.

**27–2–2016 ശനി** : വി. ഗബ്രിയേൽ തിരുനാൾ, ബി. സി.സി. ഡോൺ ബോസ്കോ നഗർ - ബി.

**28–2–2016 ഞായർ** : നോമ്പിലെ മൂന്നാം ഞായർ • ലൂക്കാ 4: 24-30 • **ദിവ്യബലി ഒരുക്കം** : വിശുദ്ധ അഗസ്റ്റിൻ യൂണിറ്റ്, ഡോൺ ബോസ്കോ നഗർ - ബി. • ഇംഗ്ലീഷ് കുർബാന

## നിത്യ സമ്മാനത്തിന് പിതാവിന്റെ സന്നിധിയിലേക്ക്...

24-9-2015 ബഞ്ചമിൻ ഡിക്രൂസ് (81) തെക്കേവിള
29-9-2015 റിച്ചാർഡ് ഡി. (78) പള്ളിത്തോട്ടം
13-10-2015 എച്ച്. ബി. ലോപ്പസ് (79) മുണ്ടയ്ക്കൽ
15-10-2015 അലക്സാണ്ടർ ജോൺ (53) തില്ലേരി
22-10-2015 വില്യം ഐസക് (86) മധുര
22-10-2015 മെറ്റിൽഡ ഏലിയാസ് (84) പള്ളിത്തോട്ടം
29-10-2015 ജറോം
31-10-2015 ഡൊമിനിക്. ജെ. (86) പള്ളിത്തോട്ടം
1-11-2015 റോസ്‌ലി ജൂലിയാൻ (77) പള്ളിത്തോട്ടം
3-11-2015 ജോസഫ് (70) കന്റോൺമെന്റ്
9-11-2015 ജി. കാർലോസ് (83) പോളയത്തോട്



## ഇടവക വികാരി തോമസ് മേക്കാടനച്ചന്

# പൗരോഹിത്യ രജത ജൂബിലി ആശംസകൾ

സ്നേഹത്തിന്റെ നീണ്ട കരങ്ങൾകൊണ്ട് യുവജനങ്ങളെ കെട്ടി പുണർന്ന 'യുവ സുഹൃത്ത്' എന്നു ലോകമെങ്ങും അറിയപ്പെടുന്ന ഡോൺ ബോസ്കോ സ്ഥാപിച്ച സലേഷ്യൻ സഭാ വൈദീകരാൽ നയിക്കപ്പെടുന്ന തോപ്പ് ഇടവകയുടെ മുഖപത്രമായ 'ഇടവക സന്ദേശം' ഒരു വ്യത്യസ്ഥ ഭാവത്തോടെ ഡിസംബർ മാസം പുറത്തിറങ്ങുകയാണ്. നമ്മുടെ ആദരണീയനായ ഇടവകവികാരി ഫാ. തോമസ് മേക്കാടന്റെ പൗരോഹിത്യ രജതജൂബിലി വിശേഷാൽ പതിപ്പായിട്ടാണ് ഇടവക സന്ദേശം ഡിസംബർ മാസത്തിൽ പ്രസിദ്ധീകരിക്കുന്നത്.

'കുട്ടനാട് താലൂക്കിലെ മുട്ടാർ എന്ന സ്ഥലത്തു നിന്ന് ആരംഭിച്ച അച്ചന്റെ ജീവിതയാത്ര കൊല്ലം നഗരത്തിലെ 'തോപ്പ്' എന്ന തീരപ്രദേശത്ത് എത്തി നിൽക്കുമ്പോൾ, പിന്നിട്ട വഴികളിൽ ഒപ്പം നിന്ന ദൈവത്തിന്റെയും മനുഷ്യരുടെയും സ്നേഹവും സ്വാന്തനവും കരുതലും എത്രമാത്രമാണെന്നു ഞങ്ങൾ അറിയുന്നു. പൗരോഹിത്യ ജീവിതത്തിന്റെ നീണ്ട 25 വർഷങ്ങൾ പിന്നിടുമ്പോൾ കുശവന്റെ കൈയ്യിലെ കളിമണ്ണുപോലെ (ജറെമിയ 18:6) അതിശക്തനായ ദൈവത്തിന്റെ കരങ്ങളിൽ തന്നെ സമർപ്പിച്ചു 'ഇതാ ഞാൻ' എന്ന പ്രത്യുത്തരം നൽകാൻവേണ്ടി ഓരോ നിമിഷവും മനസ്സിനെ സജ്ജമാക്കുന്ന തോമസ് അച്ചന് ഇടവക അംഗങ്ങളുടെ പ്രാർത്ഥനാശംസകൾ നേരുന്നു.

ഒരു ആദ്ധ്യാത്മിക ഗുരു എന്നതിനപ്പുറം ഇടവക അംഗങ്ങളുടെ സാമൂഹിക, വിദ്യാഭ്യാസ, സാംസ്കാരിക മേഖലകളിലുള്ള വളർച്ച എന്നും അച്ചന്റെ സ്വപ്നമാണ്. തിരക്കേറിയ ഇടവക പ്രവർത്തനങ്ങൾക്കിടയിലും വ്യക്തി ബന്ധങ്ങളിലും കുടുംബങ്ങളിലും ഉടലെടുക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേണ്ടിയുള്ള അച്ചന്റെ ശ്രമങ്ങൾ ശ്ലാഘനീയമാണ്. സ്വതന്ത്രമായ അഭിപ്രായശൈലി, തെറ്റ് ചൂണ്ടിക്കാണിക്കാനുള്ള ആർജ്ജവം, പ്രവർത്തനങ്ങളിലുള്ള പൂർണ്ണത എന്നിവ അച്ചന്റെ മാത്രം പ്രത്യേകതകളാണ്. ഇടവക കൂട്ടായ്മയിലേക്ക് സമർപ്പണത്തിന്റെയും പ്രതിബദ്ധതയുടെയും പ്രതീകമായി കടന്നുവരികയും ഗുണാത്മകമായി പുതിയ മാറ്റങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന തോമസച്ചനു ഞങ്ങളുടെ ഹൃദയം നിറഞ്ഞ കൃതജ്ഞതയും കടപ്പാടും അറിയിക്കുന്നു. തോമസ് അച്ചന് ദീർഘായുസ്സും കർമ്മ പഥങ്ങളിൽ കൂടതൽ പ്രശോഭിക്കാനുള്ള കരുത്തും ശക്തിയും സർവ്വശക്തനായ ദൈവം പ്രദാനം ചെയ്യട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

സലേഷ്യൻ കോ-ഓപ്പറേറ്റേഴ്സിന്റെ ഒരു യൂണിറ്റ് (സംഗമം) തോപ്പ് ഇടവകയിൽ ആരംഭിച്ചത് തോമസ് അച്ചനാണ്. മുണ്ടയ്ക്കൽ ബോയ്സ് ഹോം, പള്ളിമേട, സെന്റ് ആന്റണീസ് ചാപ്പൽ കായിക്കര, സെന്റ് ജോർജ്ജ് ചാപ്പൽ സ്നേഹക്കുന്ന്, യൂത്ത് സെന്റർ കൊടിമരം, പോളയത്തോട് ക്രിസ്ത്യാനികളുടെ സഹായമാതാ ചാപ്പൽ, തോപ്പ് ക്രിസ്ത്യാനികളുടെ സഹായമാതാവിന്റെ കുരിശ്ശടി, പള്ളിവക കടമുറികൾ എന്നിവയുടെ നവീകരണം തോമസ് അച്ചൻ മുൻകൈയെടുത്തു നടത്തി. ഇടവക മദ്ധ്യസ്ഥൻ വിശുദ്ധ സ്റ്റീഫന്റെ സ്വരൂപം പള്ളിക്കുമുമ്പിൽ പ്രത്യേകം ക്രമീകരിച്ച സ്ഥലത്ത് സ്ഥാപിച്ചു. യുവജനങ്ങളെ ശരിയായ ജീവിത പാതയിൽ നടത്തുന്നതിന് അച്ചൻ ബോധവത്കരണ ക്ലാസ്സുകൾ നടത്തുകയും അവരുടെ എല്ലാപ്രവർത്തനങ്ങൾക്കും പിന്തുണയും സഹായവും നൽകുകയും ചെയ്യുന്നു. തോമസച്ചനെ പൗരോഹിത്യ പദവിയിലേക്ക് തെരഞ്ഞെടുത്ത സർവ്വശക്തനായ ദൈവത്തിനും ഒരു മകനെ സമർപ്പിതജീവിതത്തിലേക്ക് കരുതലോടെ, സ്നേഹത്തോടെ, ഒരുക്കിയ മാതാപിതാക്കൾക്കും, പൗരോഹിത്യജീവിതത്തിന്റെ പടവുകൾ കയറാൻ ആത്മധൈര്യവും ശക്തിയും പകർന്നു നൽകിയ സലേഷ്യൻ സഭയ്ക്കും, വിശുദ്ധ ജോൺ ബോസ്കോയ്ക്കും കൃതജ്ഞതയുടെ പൂക്കൾ സാദരം സമർപ്പിക്കുന്നു.

ഈ വിശേഷാൽ പതിപ്പിലേക്ക് ആശംസകൾ, ലേഖനങ്ങൾ, പരസ്യങ്ങൾ എന്നിവ നൽകി സഹായിച്ചവർക്കും, വിശേഷാൽ പതിപ്പിന് അനുവാദം നൽകിയ അജപാലന സമിതിക്കും നന്ദി രേഖപ്പെടുത്തുന്നു.

സസ്നേഹം,

എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ



# എഡിറ്റോറിയൽ



പ്രിയമുള്ളവരേ,

നമുക്ക് ഡിസംബർ മാസം പലതരം ആഘോഷങ്ങൾകൊണ്ടും പ്രവർത്തനങ്ങൾകൊണ്ടും വളരെ പ്രത്യേകതകൾ ഉള്ള മാസമാണ്. കർത്താവിന്റെ വരവിനായി ഒരുങ്ങുന്ന ആഗമനകാലപ്രാർത്ഥനകളുമായാണ് ഡിസംബർ മാസം ആരംഭിക്കുന്നത്. അതുപോലെ തന്നെ ഡിസംബർ 1 മുതൽ 31 വരെ ബൈബിൾ പാരായണമാസമാണ്. ഡിസംബർ 5-ാം തീയതി നമുക്ക് 12 മണിക്കൂർ ദിവ്യകാരുണ്യ ആരാധന ഉണ്ട്. ഡിസംബർ 8-ാം തീയതി പരിശുദ്ധമറിയത്തിന്റെ അമലോത്ഭവ തിരുനാളും, ഇടവക ദിനവും സമർപ്പിതരെ ആദരിക്കുന്ന ദിവസവുമാണ്. ഡിസംബർ 16-ാം തീയതി മുതൽ ഇടവക മദ്ധ്യസ്ഥനായ വിശുദ്ധ സ്റ്റീഫന്റെ തിരുനാൾ ഒരുക്ക ദിവസങ്ങളാണ്. ഡിസംബർ 25-ാം തീയതി ക്രിസ്മസും, 26-ാം തീയതി ഇടവക മദ്ധ്യസ്ഥന്റെ തിരുനാളും 31-ാം രാത്രി വർഷാവസാന ആരാധനയും പുതുവർഷ ബലിയർപ്പണവും നാം നടത്തുന്നു. ഈ ആഘോഷങ്ങളെല്ലാം കേന്ദ്രീകരിക്കുന്നത് ദൈവത്തിന്റെ കരുണയുടെ മുഖമായ യേശുവിലാണെന്ന സത്യം നമ്മളെ സന്തോഷിപ്പിക്കുന്നു.

"ഇത് കരുണയുടെ സമയമാണ്. ക്രൈസ്തവർ കരുണയിൽ ജീവിച്ചുകൊണ്ട് എല്ലാ മേഖലകളിലും കരുണ എത്തിക്കണം. അതുകൊണ്ട് പുറപ്പെടുക." ഇങ്ങനെ പറഞ്ഞുകൊണ്ടാണ് ഫ്രാൻസിസ് മാർപാപ്പ മാർച്ച് 13, 2015-ൽ കരുണയുടെ വർഷം പ്രഖ്യാപിച്ചത്. കരുണയുടെ ജൂബിലി വർഷം അമലോത്ഭവമാതാവിന്റെ (കരുണയുടെ മാതാവിന്റെ) തിരുനാൾ ദിവസമായ 2015 ഡിസംബർ 8 ന് ആരംഭിച്ച് 2016 നവംബർ 20 ന് ക്രിസ്തുരാജന്റെ തിരുനാൾ ദിവസം സമാപിക്കും. കരുണയുടെ ജൂബിലി വർഷത്തിന്റെ ആപ്തവാക്യം 'നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ, നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ" (ലൂക്ക: 6:36) എന്നതാണ്.

എന്തിനാണ് കരുണയുടെ വർഷം എന്ന് ചോദിച്ചേക്കാം! ആധുനിക ലോകം ചരിത്രപരമായ മാറ്റത്തിന്റെ പാതയിലാണ്. അവിടെ കൂടുതൽ ബോധ്യത്തോടും, വ്യക്തതയോടും ദൈവസാന്നിധ്യവും, അടുപ്പവും കാണിക്കാൻ ഇതാണ് ഏറ്റവും നല്ല വഴിയെന്ന് മാർപാപ്പ വിശ്വസിക്കുന്നു. അതുപോലെതന്നെ സഭയ്ക്ക് ''പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു." (യോഹ. 20:21) എന്നതിന്റെ പുനർവായനയിലൂടെ അർത്ഥം മനസ്സിലാക്കുവാനും, ദൗത്യത്തിലേർപ്പെടുവാനും സഹായിക്കും. ദൈവത്തിന്റെ ഏറ്റവും വലിയ ഗുണമാണ് കരുണ. ദൈവത്തിന്റെ കരുണയുടെ മുഖമാണ് യേശു, ദൈവത്തിന്റെ കരുണയുടെ കൂദാശയാണ് സഭ. ദൈവത്തിന്റെ ജീവിക്കുന്ന, സ്നേഹിക്കുന്ന, ജീവൻ നൽകുന്ന ദിവ്യകാരുണ്യമാണ് വിശുദ്ധ കുർബ്ബാന. ക്രൈസ്തവ വിശ്വാസജീവിതം കരുണയുടെയും, അനുകമ്പയുടെയും വിശ്വാസ ജീവിതമാണ്. സുവിശേഷവത്കരണത്തിന്റെ താക്കോൽ കരുണയാണ്. ഈ ജൂബിലി വർഷത്തിൽ പിതാവായ ദൈവത്തെപ്പോലെ മറ്റുള്ളവരെ വിധിക്കാതെ, കുറ്റപ്പെടുത്താതെ കലവറയില്ലാതെ സ്നേഹിക്കുവാനും, ക്ഷമിക്കുവാനും നമുക്ക് ശ്രമിക്കാം. കരുണയുടെ പ്രവൃത്തികൾ എന്താണെന്ന് സഭ നമ്മെ പഠിപ്പിക്കുന്നുണ്ടല്ലോ. ഇതിന് ഏറ്റവും നല്ല ഉദാഹരണം മദർ തെരേസായും അവരുടെ പ്രവർത്തനങ്ങളുമാണ്.

കരുണയുടെ വർഷം നമ്മൾ ഓരോരുത്തരും വ്യക്തിപരമായും, കുടുംബപരമായും കർത്താവിന്റെ കരുണ സ്വീകരിക്കണം, നമ്മുടെ മനസ്സിലെ മാലിന്യങ്ങൾ തുടച്ചു നീക്കേണ്ടത് കർത്താവിന്റെ കരുണകൊണ്ടാണ്. അതിന് ഏറ്റവും നല്ല വഴി കുമ്പസാരം എന്ന കൂദാശ സ്വീകരിക്കലാണ്. കർത്താവിന്റെ കരുണ സ്വീകരിക്കുന്നവർ മറ്റുള്ളവരോട് കരുണകാണിക്കുവാൻ കടപ്പെട്ടിരിക്കുന്നു. അതുപോലെ തന്നെ കരുണയുടെ

അടിസ്ഥാനമായ സ്നേഹം നൽകലും, ആതിഥ്യം നൽകലും, ആശ്വാസം നൽകലുമെല്ലാം കരുണയുടെ പ്രകടനങ്ങളാണ്.

ലോകം സമഗ്രമായി വളരുമ്പോഴും യുദ്ധങ്ങളും, തീവ്രവാദവും, പട്ടിണിയും, അസമാധാനവും, മരണ സംസ്ക്കാരവും തേർവാഴ്ച നടത്തുകയാണ്. ഇതിനെല്ലാം പരിഹാരം ദൈവത്തിന്റെ കരുണ സ്വീകരിക്കാൻ തയ്യാറാകുക എന്നതാണ് എന്ന് മാർപാപ്പ പഠിപ്പിക്കുന്നു. ഈ ദിവസങ്ങളിലെ പാരീസിലെ ബോംബ് സ്ഫോടനവും, ഭാരതത്തിലെ ഗോദ്രസംഭവവും, സിറിയയിലെയും പാലസ്തീനായിലെയും യുദ്ധവും, അഭയാർത്ഥി പ്രവാഹവുമെല്ലാം നമ്മെ ഭയപ്പെടുത്തുന്നു. നമ്മുടെ സമൂഹത്തിലും, ഇടവകയിലും, കുടുംബത്തിലും ഇതിന്റെ ചെറിയ രൂപങ്ങളും ഭാവങ്ങളും ദർശിക്കുവാൻ സാധിക്കും. ഒക്ടോബർ 26-ാം തീയതി മലയാള മനോരമയിൽ കൊടുത്തിരുന്ന വാർത്ത മനുഷ്യത്വമുള്ളവരെ വേദനിപ്പിക്കുന്നതായിരുന്നു. അത് ഇപ്രകാരമായിരുന്നു. ഇറാഖ് അധിനിവേശ പിഴവുകൾക്ക് ക്ഷമചോദിച്ച് ടോണി ബ്ലെയർ കുറ്റ സമ്മതം നടത്തി, സദ്ദാം ഹുസൈന്റെ കൈവശം വിനാശകരമായ ആയുധങ്ങൾ ഉണ്ടെന്ന വിവരത്തിന്റെ പേരിലാണ് ഇറാക്കിനെ സഖ്യകക്ഷികൾ ആക്രമിച്ചത്. ഈ വാദം തെറ്റാണെന്ന് പിന്നീട് തെളിഞ്ഞു. എന്നാൽ സ്വാർത്ഥതയ്ക്കു വേണ്ടി ആരംഭിച്ച ഈ യുദ്ധം എത്രയോ ആയിരങ്ങളുടെ ജീവനാണ് നഷ്ടപ്പെടുത്തിയത്, എത്രയോ കുടുംബങ്ങളെയാണ് നശിപ്പിച്ചത്, എത്രയോ തലമുറയെയാണ് ഇല്ലാതാക്കിയത്. ഒരു ക്ഷമാപണത്തിന് ഇവയെല്ലാം തിരികെ കൊണ്ടുവരാൻ സാധിക്കുമോ? ഇത്രയും വലുതല്ലെങ്കിലും നമ്മുടെ സ്വാർത്ഥതയും, അസൂയയും മൂലം എത്രയോവ്യക്തികളെയും കുടുംബംഗങ്ങളെയുമാണ് നാം നശിപ്പിക്കുന്നത്. ചതിയും, വഞ്ചനയും, അപവാദങ്ങളും കേസുകളും എത്രയോ വലിയ നഷ്ടങ്ങളാണ് വരുത്തി തീർക്കുക. മറ്റുള്ളവർക്കുണ്ടാകുന്ന വേദനകൾ, നഷ്ടങ്ങൾ, ഒരു "സോറി"ക്ക് നികത്തുവാൻ സാധിക്കില്ല. അതിനാൽ കരുണയുടെ ഈ വർഷം മാർപാപ്പ നമ്മളെ ഓർമ്മിപ്പിക്കുന്നതുപോലെ അപവാദങ്ങളുടെയും കുറ്റപ്പെടുത്തലുകളുടെയും ബോംബുകൾ മാറ്റി സ്നേഹത്തിന്റെയും കരുണയുടെയും ലേപനങ്ങൾ ഉപയോഗിക്കുക. മറ്റുള്ളവരുടെ സന്തോഷത്തിനുവേണ്ടി നാം ചെയ്യുന്ന ചെറിയ ത്യാഗ പ്രവൃത്തികൾക്ക് ദൈവം ഇരട്ടിയിലേറെ അനുഗ്രഹം നൽകും. എല്ലാവർക്കും ദൈവത്തിന്റെ കരുണയുടെ മുഖമായ ഈശോയുടെ ജനനത്തിരുനാളായ ക്രിസ്മസിന്റെയും വിശുദ്ധ സ്റ്റീഫന്റെ തിരുനാളിന്റെയും ആശംസകളും, പ്രാർത്ഥനകളും; കരുണ സ്വീകരിക്കുകയും, നൽകുകയും ചെയ്യുന്ന ഒരു പുതുവർഷവും ആശംസിക്കുന്നു.

സ്നേഹപൂർവ്വം,

**ഫാ. തോമസ് മേക്കാടൻ** SDB

EDITORIAL BOARD


Fr. Thomas Meckadan
Chief Editor


K. K. Koshy
Editor


Dr. Sindha H. Mendez
Editor


A. J. D'Cruz
Asso. Editor


Russo James
Asso. Editor

നിത്യവ്രത
വാഗ്ദാനം ചെയ്ത
സിസ്റ്റർ ഡയാനയ്ക്ക്
തോപ്പ് ഇടവകയുടെ
പ്രാർത്ഥനാശംസകൾ



# തോമസ് അച്ചന്റെ ജീവിത വഴികളിലൂടെ...



**ഫാ. സണ്ണി ഉപ്പൻ S.D.B.**
റെക്ടർ, ഡോൺ ബോസ്കോ, കൊല്ലം

1960- മാർച്ച് മാസം 15-ാം തീയതി കുട്ടനാട് താലൂക്കിലെ മുട്ടാർ എന്നഗ്രാമത്തിൽ മേക്കാട്ടുപറമ്പിൽ ജോസഫിന്റെയും അന്നമ്മയുടെയും 7 മക്കളിൽ നാലാമനായി തോമസ് അച്ചൻ ജനിച്ചു. ചങ്ങനാശ്ശേരി അതിരൂപ തയുടെ കീഴിലുള്ള മുട്ടാർ സെന്റ് ജോർജ്ജ് ദേവാലയത്തിൽ വച്ച് മാമോദീസായും ആദ്യകുർബാന സ്വീകരണവും നടന്നു.

മുട്ടാർ സെന്റ് ജോർജ്ജ് ഹൈസ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസവും ഹൈസ്കൂൾ പഠനവും പൂർത്തിയാക്കിയ ശേഷം സെന്റ് അലോഷ്യസ് കോളേജിൽ പ്രീഡിഗ്രി പഠനത്തിനു ചേർന്നു. 1978 -ൽ തൃശൂർ മണ്ണുത്തി ഡോൺ ബോസ്കോ മൈനർ സെമിനാരിയിൽ വൈദിക പഠനത്തിനു പ്രവേശിച്ചു. 1979-ൽ എറണാകുളം സെന്റ് ആൽബർട്ട് കോളേജിൽ ചേർന്ന് ബി.എ. ഡിഗ്രി പഠനം പൂർത്തിയാക്കി.



1983 മെയ് 24-ാം തീയതി കോട്ടഗിരിയിൽ 'നൊവിഷിയേറ്റ്' പൂർത്തിയാക്കി പ്രഥമവ്രത വാഗ്ദാനം നടത്തി. 1984 ൽ കുടുംബം കാഞ്ഞിരപ്പള്ളിക്കടുത്ത് തമ്പലക്കാട് എന്ന സ്ഥലത്തേക്ക് താമസം മാറ്റി. തമിഴ്നാട്ടിലെ ഏർകാടിൽ തത്വശാസ്ത്രപഠനവും 1986-87 കാലഘട്ടത്തിൽ ആന്ധ്രായിലെ ഗുണതല ഡോൺ ബോസ്കോ സെമിനാരിയിൽ പ്രായോഗിക പരിശീലനവും നേടി. അതിനുശേഷമുള്ള മൂന്ന് വർഷം (1987 മുതൽ 1990 വരെ) ബാംഗ്ലൂർ ക്രിസ്തുജ്യോതി കോളേജിൽ ദൈവശാസ്ത്ര പഠനവും പൂർത്തിയാക്കി. 1990 ഡിസംബർ 28-ാം തീയതി കാഞ്ഞിരപ്പള്ളി മെത്രാൻ റവ. ഡോ. മാത്യൂ വട്ടക്കുഴി പിതാവിന്റെ കൈവയ്പ്പ് ശുശ്രൂഷയാൽ പൗരോഹിത്യ പദവിയിലേക്ക് ഉയർത്തപ്പെട്ടു.

തന്റെ പൗരോഹിത്യത്തിന്റെ ആദ്യ മൂന്നുവർഷങ്ങളിൽ തോമസച്ചൻ ആലുവ ഡോൺ ബോസ്കോ സെമിനാരിൽ അഡ്മിനിസ്ട്രേറ്ററും യൂത്ത് ഡയറക്ടറും ആയി സേവനമനുഷ്ഠിച്ചു. തുടർന്നുള്ള മൂന്നു വർഷം, തിരുവനന്തപുരം അതിരൂപതയുടെ 'യൂത്ത് ഡയറക്ടർ' എന്ന നിലയിൽ പ്രവർത്തിച്ചു. 1996-97 കാലഘട്ടത്തിൽ തോമസച്ചൻ റോമിലെ സലേഷ്യൻ പൊന്തിഫിക്കൽ യൂണിവേഴ്സിറ്റിയിൽ നിന്ന് 'യൂത്ത് മിനിസ്ട്രി'യിൽ ബിരുദാനന്തരബിരുദം കരസ്ഥമാക്കി. തുടർന്ന് ബാംഗ്ലൂർ പ്രൊവിൻസിന്റെ കേരള യൂത്ത് ആനിമേഷൻ വിഭാഗത്തിന്റെ ഡയറക്ടർ ആയി, മൂന്നു വർഷം ഡോൺ ബോസ്കോ വടുതലയിൽ സേവനം ചെയ്തു. അതിനു ശേഷം ആലപ്പുഴ രൂപതയിൽ യൂത്ത് ഡയറക്ടർ ആയി പ്രവർത്തിച്ചതിനെ തുടർന്ന് ഡോൺ ബോസ്കോ വടുതലയിൽ, യൂത്ത് സെന്ററിന്റെ മേധാവിത്വം ഏറ്റെടുത്തു. 2009 മെയ് 24-ാം തീയതി മുതൽ കൊല്ലം തോപ്പ് സെന്റ് സ്റ്റീഫൻസ് ഇടവകയിൽ സലേഷ്യൻ കമ്മ്യൂണിറ്റിയുടെ റെക്ടറും 2011 മുതൽ ഇടവകയുടെ വികാരിയായും സേവനം അനുഷ്ഠിക്കുന്നു.

വിശുദ്ധ തോമാശ്ലീഹാ യേശുവിന്റെ കൂടെ നടന്ന് അനുഭവിച്ചറിഞ്ഞ സത്യത്തിന്റെ സാക്ഷ്യവുമായാണ് ഭാരത മണ്ണിലേക്ക് വന്നത്. വിശുദ്ധന്റെ കാലടികൾ പിൻതുടർന്ന ദൈവത്തിന്റെ സാക്ഷിയായി, ദൈവം തന്ന ദാനങ്ങളെ ദൈവത്തിനായി സമർപ്പിച്ച് പൗരോഹിത്യ ജീവിതത്തിന്റെ 25 വർഷങ്ങൾ പിന്നിട്ട തോമസ് അച്ചന് ജൂബിലിയുടെ ആശംസകൾ. കൂടുതൽ കൃപകൾ അച്ചനിൽ വർഷിക്കണമേയെന്ന് തീഷ്ണമായി പ്രാർത്ഥിച്ചുകൊണ്ട് ദൈവത്തിനു നന്ദി പറയാം.



ഇടവക മക്കളുടെ ആത്മീയ
കാര്യങ്ങളിൽ വേണ്ട ഉപദേശ
ങ്ങൾ നല്കിയും അവരുടെ
ഉന്നമനത്തിനായി സ്നേഹത്തോ
ടും സന്തോഷത്തോടും കൂടി
പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന
വികാരി തോമസ് മേക്കാടൻ
അച്ചന് പൗരോഹിത്യ രജത
ജൂബിലി ആശംസകൾ
നേരുന്നു



**ഡൈനേഷ്യസ് നെറ്റോ & ഫാമിലി**
മോളി വില്ല,
മുണ്ടയ്ക്കൽ വെസ്റ്റ്, കൊല്ലം



**തോമസ് മേക്കാടനച്ചന്**
**പൗരോഹിത്യ രജത ജൂബിലി**
**ആശംസകൾ...**



**ജോൺസൺ സെബാസ്റ്റ്യൻ**
(വിന്നി സ്റ്റോഴ്സ്) റീന കോട്ടേജ്,
ഡോൺബോസ്കോ നഗർ,
പള്ളിത്തോട്ടം



ദൈവീക ശുശ്രൂഷയിൽ
പൗരോഹിത്യ രജത ജൂബിലി
ആഘോഷിക്കുന്ന
ഞങ്ങളുടെ പ്രിയപ്പെട്ട
ഇടവക വികാരി
തോമസ് അച്ചന്
പ്രാർത്ഥനാശംസകൾ

**സേക്രട്ട് ഹാർട്ട്**
**ബി.സി.സി. യൂണിറ്റ്**
മുണ്ടയ്ക്കൽ വെസ്റ്റ്, കൊല്ലം

**Silver Jubilee Greetings**
**& Prayerful wishes**
**to**
**Rev. Fr. Thomas Meckadan**



**Esther Offset Printers**
**Thope, Kollam - 6, Kerala**

**ബഹു. തോമസ്**
**മേക്കാടൻ അച്ചന്**
**ഞങ്ങളുടെ**
**പ്രാർത്ഥനാപൂരിതമായ**
**രജത ജൂബിലി**
**ആശംസകൾ**



**സെന്റ് ജോസഫ്**
ബി.സി.സി. യൂണിറ്റ്
മുണ്ടയ്ക്കൽ ഈസ്റ്റ്

**ഞങ്ങളുടെ പ്രിയ**
**തോമസ് മേക്കാടനച്ചന്**
**പൗരോഹിത്യ**
**രജത ജൂബിലിയുടെ**
**പ്രാർത്ഥനാശംസകൾ.**



**സെന്റ് ആൽബർട്ട്**
ബി.സി.സി. യൂണിറ്റ്
മുണ്ടയ്ക്കൽ ഈസ്റ്റ്



രജത ജൂബിലി
ആഘോഷിക്കുന്ന
ഞങ്ങളുടെ പ്രിയപ്പെട്ട
ഇടവക വികാരി
തോമസ് അച്ചന്
ആശംസകളും
പ്രാർത്ഥനകളും
നേരുന്നു.

**സെന്റ് മാക്സ് മില്ലൻ കോൾബേ**
ബി.സി.സി. യൂണിറ്റ് പോളയത്തോട്



**ഞങ്ങളുടെ പ്രിയപ്പെട്ട**
**ഇടവക വികാരി**
**തോമസ് അച്ചന്**
**രജത ജൂബിലിയുടെ**
**ആശംസകൾ...**

**സെന്റ് മാർട്ടിൻ ഡി പോറസ്സ്**
ബി.സി.സി. യൂണിറ്റ് പോളയത്തോട്



**ബഹു. തോമസ്**
**മേക്കാടൻ അച്ചന്**
**ഞങ്ങളുടെ**
**പ്രാർത്ഥനാപൂരിതമായ**
**രജത ജൂബിലി**
**ആശംസകൾ**

**സെന്റ് ജോൺ ബ്രിട്ടോ**
**ബി.സി.സി. യൂണിറ്റ്**
**അനുഗ്രഹ നഗർ**

**തോമസ് മേക്കാടനച്ചന്**
**പൗരോഹിത്യ രജത ജൂബിലിയുടെ**
**പ്രാർത്ഥനകളോടെ**



**CFCA**
ഗ്രേസി ജോസ്
(സെക്രട്ടറി)

*വിദ്യാർത്ഥികൾ :*
**ജാസ്മിൻ മേരി**
**ഷൈമ എസ്.**
**ഹെൻസി ഗിൽബർട്ട്**
**റിജിൻ ഡി.**
**& രാഹുൽ ആർ.**



**ഇടവക വികാരി**
**തോമസ്**
**മേക്കാടൻ അച്ചന്**
**പൗരോഹിത്യ**
**രജത ജൂബിലി**
**ആശംസകൾ**
**നേരുന്നു.**

**സെന്റ് വിൻസെന്റ് ഡി പോൾ**
ബി.സി.സി. യൂണിറ്റ് പോളയത്തോട്



*Best Compliments from*

***Emperor Springs***
Near Polayathode Railway Gate
Mundakkal East, Kollam
E-mail : emperorsprings@gmail.com

**Prop : Ambrose K.P.**
Mob : 9349715812





Silver Jubilee Greetings
& Prayerful wishes
to
Rev. Fr. Thomas Meckadan

**Teddy's**
PHOTOS & VIDEOS

Mundakkal, Kollam
Mob : 9946552655, 9846652277

ദൈവീക ശുശ്രൂഷയിൽ
പൗരോഹിത്യ രജത ജൂബിലി
ആഘോഷിക്കുന്ന
ഞങ്ങളുടെ എല്ലാമെല്ലാമായ
ഇടവക വികാരി
തോമസ് അച്ചന്
പ്രാർത്ഥനാശംസകൾ



**ജൂലിയാൻ ഗ്യാല്വോ,**
**ഹണി ജൂലിയാൻ & ഫാമിലി**
**മുണ്ടയ്ക്കൽ വെസ്റ്റ്**

ഇൻഫന്റ് ജീസ്സസ് എൽ.പി.എസ്സിൻ സാരഥിയാം
തോപ്പ് ഇടവകയിൻ നേതാവാം
കുംടുംബങ്ങളിൽ നെടുംതൂണാം
കുഞ്ഞുമക്കളിൻ സ്നേഹിതനാം
തോമസ് മേക്കാട്ട്പറമ്പിലച്ചന്
ഇൻഫന്റ് ജീസ്സസിൻ ആശംസകൾ



**ഇൻഫന്റ് ജീസ്സസ്**
**എൽ. പി. സ്കൂൾ**
**പള്ളിത്തോട്ടം, കൊല്ലം.**



Silver Jubilee Greetings
& Prayerful wishes
*To,*
Rev. Fr. Thomas Meckadan SDB
Parish Priest, Thope, Kollam
*From*
St. Vincent De Paul Society
Don Bosco Conference for Ladies
Thope, Kollam



തോമസച്ചന്
പോളയത്തോട്
മതബോധന
അദ്ധ്യാപകരുടേയും
വിദ്യാർത്ഥികളുടേയും
**രജതജൂബിലിയുടെ**
**പ്രാർത്ഥനാശംസകൾ**

ഇടവക വികാരി
തോമസ്
മേക്കാടൻ അച്ചന്
പൗരോഹിത്യ
രജത ജൂബിലി
ആശംസകൾ
നേരുന്നു.



**സെന്റ് ജോസഫ് കഫാസോ &**
**സെന്റ് ഫ്രാൻസിസ് സേവ്യർ**
**ബി. സി. സി. യൂണിറ്റ്**
താമരക്കുളം - കന്റോൺമെന്റ്



ഇടവക വികാരി
തോമസ്
മേക്കാടൻ അച്ചന്
പൗരോഹിത്യ
രജത ജൂബിലി
ആശംസകൾ
നേരുന്നു.



**എ. നെൽസൺ & ഫാമിലി**
ഡോൺബോസ്കോ നഗർ ബി.

പൗരോഹിത്യ രജത ജൂബിലിയുടെ നിറവിലെത്തി നിൽക്കുന്ന തോമസ് മേക്കാടൻ അച്ചന് എന്റെയും കുടുംബത്തിന്റെയും പ്രാർത്ഥനാപൂരിതമായ ആശംസകൾ



“താവകോദ്ദേശ ശുദ്ധി
തൻ പ്രബോധനങ്ങളിൽ
താവിടും രക്ഷാമാർഗ്ഗം
തമസ്സിൽ തിരിനാളം.”

*എസ്. എൻ. കല്ലുകട*
പോളയത്തോട്



ഞങ്ങളുടെ പ്രിയപ്പെട്ട
ഇടവക വികാരി
തോമസ് അച്ചന്
രജത ജൂബിലിയുടെ
ആശംസകൾ...

**സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ്**
ബി.സി.സി. യൂണിറ്റ്, അഞ്ജലി നഗർ



ബഹു. തോമസ്
മേക്കാടൻ അച്ചന്
ഞങ്ങളുടെ
പ്രാർത്ഥനാപൂരിതമായ
രജത ജൂബിലി
ആശംസകൾ

**സെന്റ് മോനിക്ക**
ബി.സി.സി. യൂണിറ്റ്, എച്ച്. & സി.



തോമസ് മേക്കാടനച്ചന്
പൗരോഹിത്യ രജത ജൂബിലി
**ആശംസകൾ**

**സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി**
**സെന്റ് സ്റ്റീഫൻസ് കോൺഫറൻസ്, തോപ്പ്**



ദൈവിക ശുശ്രൂഷയിൽ
പൗരോഹിത്യ ജൂബിലി
ആഘോഷിക്കുന്ന
ഞങ്ങളുടെ പ്രിയപ്പെട്ട
ഇടവക വികാരി
തോമസ് അച്ചന്
പ്രാർത്ഥനാശംസകൾ

**വിശുദ്ധ ചാവറ കുര്യാക്കോസ്**
ബി.സി.സി. യൂണിറ്റ്
മുണ്ടയ്ക്കൽ വെസ്റ്റ്



പൗരോഹിത്യ ജൂബിലിയുടെ
നിറവിൽ നിൽക്കുന്ന
ഞങ്ങളുടെ തോമസ് അച്ചന്
ദൈവപരിപാലനയുടെ
കരുതൽ തുടർന്നുള്ള
വഴികളിലും
സമൃദ്ധമായി നൽകണമേ
എന്ന് പ്രാർത്ഥിക്കുന്നു
ഒപ്പം ജൂബിലിയുടെ
എല്ലാവിധ ആശംസകളും

**Mr. & Mrs. Susy Peter**
**Vincy Harshan & Vinaya**
Kripa, Thekkevila, Kollam

"ഞാൻ നല്ല ഇടയനാണ്. നല്ല ഇടൻ ആടുകൾക്കു
വേണ്ടി ജീവൻ അർപ്പിക്കുന്നു." (യോഹ. 10:11)



**തോപ്പ് ഇടവകയിലെ
അജഗണങ്ങൾക്കുവേണ്ടി
നല്ല ഇടയനായി സേവനം
അനുഷ്ഠിക്കുന്ന
തോമസ് അച്ചന് ഞങ്ങളുടെ
ജൂബിലി ആശംസകൾ**

**അലക്സാണ്ടർ സിൽവസ്റ്റർ
& ഫാമിലി**
തോപ്പ്



ദൈവീക ശുശ്രൂഷയിൽ
പൗരോഹിത്യ രജത ജൂബിലി
ആഘോഷിക്കുന്ന
ഞങ്ങളുടെ എല്ലാമെല്ലാമായ
ഇടവക വികാരി
തോമസ് അച്ചന് ഞങ്ങളുടെ
പ്രാർത്ഥനാശംസകൾ



**ഗണേഷ് ജോൺ & ഫാമിലി**
**വിൻസെന്റ് ഡി പോൾ യൂണിറ്റ്
പോളയത്തോട്**



**ബഹു. തോമസ്
മേക്കാടൻ അച്ചന്
ഞങ്ങളുടെ
പ്രാർത്ഥനാപൂരിതമായ
രജത ജൂബിലി
ആശംസകൾ**



**സുനിൽ മെൻഡസ്
& ഫാമിലി**
ഗീതാഞ്ജലി, മുണ്ടയ്ക്കൽ

*നിത്യപുരോഹിതനിലേക്കുള്ള പാതയൊരുക്കി
25 വർഷം പൂർത്തിയാക്കിയ
തോമസ് മേക്കാടൻ അച്ചന്റെ തുടർ
പ്രവർത്തനങ്ങൾക്ക്
പ്രാർത്ഥനയും ആശംസകളും.*



**സെന്റ് ജറോം ബി.സി.സി. യൂണിറ്റ്**
മുണ്ടയ്ക്കൽ ഈസ്റ്റ്



സ്വർഗ്ഗീയ പിതാവിനാൽ
അഭിഷിക്തനായതിന്റെ രജത
ജൂബിലി നിറവ് ആഘോഷി
ക്കുന്ന ഞങ്ങളുടെ സ്വന്തം
തോമസച്ചന് സ്നേഹത്തിൽ
പൊതിഞ്ഞ എണ്ണമറ്റ
പ്രാർത്ഥനാശംസകൾ
നേർന്നുകൊണ്ട്...



ജോസഫ് സ്റ്റീഫൻ
ജീമാ ജോസഫ്,
ജിജോ ജോസഫ് &
ബ്ര: സ്റ്റിജോ ജോസഫ് SDB
ഡോൺ ബോസ്കോ നഗർ – 11



ബഹു. തോമസ്
മേക്കാടൻ അച്ചന്
ഞങ്ങളുടെ
പൗരോഹിത്യ രജത
ജൂബിലിയുടെ
പ്രാർത്ഥനകളും
മംഗളങ്ങളും നേരുന്നു.



ആൽബർട്ട് സൈമണും
കുടുംബാംഗങ്ങളും
വാർഡ് ലീഡർ, അഞ്ജലി നഗർ



ഇടവക വികാരി
തോമസ്
മേക്കാടൻ അച്ചന്
പൗരോഹിത്യ
രജത ജൂബിലി
ആശംസകൾ
നേരുന്നു.



സ്റ്റാൻസി ജോസഫ് & ഫാമിലി
മുൻ BCC അസി: കോർഡിനേറ്റർ
മച്ച് വീട്, അനുഗ്രഹ നഗർ – 22

ഞങ്ങളുടെ
തോമസ് മേക്കാടനച്ചന്
പൗരോഹിത്യ
രജത ജൂബിലിയുടെ
പ്രാർത്ഥനാശംസകൾ.





റോയി ജോർജ്ജ് & ഫാമിലി
റോയി ഡെയിൽ, സ്നേഹക്കുന്ന്

ബഹു. തോമസ്
മേക്കാടൻ അച്ചന്
ഞങ്ങളുടെ
പ്രാർത്ഥനാപൂരിതമായ
രജത ജൂബിലി
ആശംസകൾ



സെന്റ് പീറ്റർ ബി.സി.സി. യൂണിറ്റ്
സ്നേഹക്കുന്ന് വാർഡ്



*Silver Jubilee
Greetings
&
Prayerful Wishes to
Rev. Fr. Thomas
Meckadan*



**Martin Kurisinkal & Family**
Tillery, Kollam - 1
*(St. Joseph Cothalango Unit)*



2014 – 15

പരിശുദ്ധ ദൈവമാതാവിന്റെ
ജനനത്തിരുന്നാൾ
സാഘോഷം കൊണ്ടാടുവാൻ
ഞങ്ങളെ ആത്മീയമായി ഒരുക്കിയ
സ്നേഹബഹുമാനമുള്ള
ഇടവക വികാരി
തോമസ് മേക്കാടൻ അച്ചന്
രജത ജൂബിലി
ആശംസകളും
പ്രാർത്ഥനകളും
നേരുന്നു.

**തോപ്പിൽ**
**ജി. വിൻസെന്റ്**
**& ഫാമിലി**
ലോഗോസ് ഭവൻ
പള്ളിത്തോട്ടം, കൊല്ലം





## ബഹു. തോമസ് മേക്കാടൻ അച്ചന്
## പൗരോഹിത്യ രജത ജൂബിലിയുടെ
## പ്രാർത്ഥനകളും മംഗളങ്ങളും
## നേരുന്നു.

**ജോൺ എം. ജോൺ**
അരോമ, പോളയത്തോട്

*"നിന്റെ വഴികളിൽ നിന്നെ കാത്തുപാലിക്കാൻ അവിടുന്നു തന്റെ ദൂതന്മാരോടു കൽപ്പിക്കും." (സങ്കീ. 91:11)*

**പൗരോഹിത്യത്തിന്റെ രജത ജൂബിലി**
**ആഘോഷിക്കുന്ന പ്രിയപ്പെട്ട തോമസച്ചനു**

## സെന്റ് ബേയ്സിൽ യൂണിറ്റിലെ

**എല്ലാ കുടുംബങ്ങളുടെയും**
**പ്രാർത്ഥനാശംസകൾ നേരുന്നു.**

**പൗരോഹിത്യ വഴിയിലൂടെ സധൈര്യം ഇനിയും**
**മുന്നേറാൻ വേണ്ട ആത്മധൈര്യവും, ചൈതന്യവും**
**ശക്തിയും നൽകി സർവ്വശക്തനായ**
**ദൈവം അനുഗ്രഹിക്കട്ടെ.**





യേശുവിന്റെ പാതയിലൂടെ
സഞ്ചരിച്ച് ഡോൺബോസ്കോയുടെ
ചൈതന്യം ഉൾക്കൊണ്ട് തോപ്പ് ഇടവകയുടെ
അമരക്കാരനായി വിളങ്ങുന്ന **തോമസ് മേക്കാടൻ അച്ചന്**
രജത ജൂബിലിയുടെ പ്രാർത്ഥനാശംസകൾ.

**സുപ്പീരിയർ & കമ്മ്യൂണിറ്റി**
**ഓക്സിലിയം സ്നേഹകിരൺ**
**തോപ്പ്, കൊല്ലം**





*Silver Jubilee Greetings & Prayerful Wishes to Rev. Fr. Thomas Meckadan*



**Jain Austin & Family**
**ROSAMYSTICA**
**Mundakkal West, Kollam**



രജത ജൂബിലി
ആഘോഷിക്കുന്ന
ഞങ്ങളുടെ പ്രിയപ്പെട്ട
ഇടവക വികാരി
തോമസ് അച്ചന്
ആശംസകളും
പ്രാർത്ഥനകളും
നേരുന്നു

**സെന്റ് ജോൺ ദി അപ്പോസ്തോലേറ്റ്**
ബി.സി.സി. യൂണിറ്റ് അഞ്ജലി നഗർ



**ഞങ്ങളുടെ പ്രിയപ്പെട്ട**
**തോമസ് അച്ചന്**
**പൗരോഹിത്യ**
**രജത ജൂബിലിയുടെ**
**ആശംസകൾ...**

**DON BOSCO TECH &**
**CHILD LINE-KOLLAM**
S. N. College Jn. Kollam - 691001



# ബഹു. തോമസ് മേക്കാടൻ അച്ചന് പൗരോഹിത്യ രജത ജൂബിലിയുടെ പ്രാർത്ഥനകളും മംഗളങ്ങളും നേരുന്നു.

**നെൽസൺ സിൽവസ്റ്റർ & ഫാമിലി**
തോപ്പ്, കൊല്ലം





ബഹുമാനപ്പെട്ട ഇടവക വികാരി തോമസ് മേക്കാടൻ അച്ചന് എന്റെയും കുടുംബത്തിന്റെയും പൗരോഹിത്യ രജത ജൂബിലി ആശംസകൾ.

**റൊണാൾഡ് ജോണി**
സെഞ്ച്വറി നഗർ – 114
പള്ളിത്തോട്ടം കൊല്ലം





ഞങ്ങളുടെ പ്രിയപ്പെട്ട തോമസ് അച്ചന് ഹൃദയം നിറഞ്ഞ പൗരോഹിത്യ രജത ജൂബിലി ആശംസകൾ.

**തോപ്പ് മതബോധന അദ്ധ്യാപകരും വിദ്യാർത്ഥികളും**



ഇടവക വികാരി തോമസ് മേക്കാടൻ അച്ചന് പൗരോഹിത്യ രജത ജൂബിലി ആശംസകൾ.

**നിഷാ ക്രിസ്റ്റഫർ & ഫാമിലി**
അഞ്ജലി നഗർ – 66
പള്ളിത്തോട്ടം കൊല്ലം



ബഹുമാനപ്പെട്ട ഇടവക വികാരി തോമസ് മേക്കാട്ടു പറമ്പിൽ SDBയ്ക്ക് ഞങ്ങളുടെ ഹൃദയം നിറഞ്ഞ രജത ജൂബിലി ആശംസകൾ



**സെന്റ് അഗസ്റ്റിൻ ബി.സി.സി. യൂണിറ്റ്**
ഡോൺബോസ്കോ നഗർ – ബി



വിശുദ്ധ ജോൺ ബോസ്കോയുടെ
പാത പിൻതുടർന്ന്
സ്നേഹത്തിന്റെയും നന്മയുടെയും
പ്രതീകമായി നിലകൊള്ളുന്ന
ഫാ. തോമസ് മേക്കാടന് രജത
ജൂബിലിയുടെ ഒരായിരം മംഗളങ്ങൾ
നേർന്നുകൊള്ളുന്നു.

**XAVIER VARGHESE & FAMILY**
'Boots', Main Road, Kollam



യേശുവിന്റെ പാതയിലൂടെ
സഞ്ചരിച്ച് ഡോൺബോസ്കോയുടെ
ചൈതന്യം ഹൃദയത്തിലേറ്റിയ
ഞങ്ങളുടെ പ്രിയപ്പെട്ട

**തോമസ് മേക്കാടൻ അച്ചന്**

രജത ജൂബിലി ആശംസകൾ



**ബോർഡ് & സ്റ്റാഫ്**

**ഫിഷർമെൻ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് പ്രോഗ്രാം (FCDP)**
**തീരദേശ മഹിളാ സൊസൈറ്റി (TMS)**
**കനാൽ റോഡ്, പള്ളിത്തോട്ടം, കൊല്ലം – 6**



**തോപ്പ് ഇടവകയെ നയിക്കുന്ന
ഞങ്ങളുടെ പ്രിയപ്പെട്ട
തോമസ് മേക്കാടൻ അച്ചന്
പൗരോഹിത്യ രജത ജൂബിലിയുടെ
ആശംസകൾ.**

## സെന്റ് റീത്ത ബി.സി.സി. യൂണിറ്റ്

**മുണ്ടയ്ക്കൽ ഈസ്റ്റ്**

# ജൂബിലി മംഗളങ്ങൾ !!!

മെൽക്കി സദേക്കിന്റെ ക്രമപ്രകാരം നിത്യ പുരോഹിതനോടു
ചേർന്ന് ബലിയർപ്പണത്തിന്റെ 25 ആണ്ടുകൾ ആഘോഷിക്കുന്ന
തോപ്പ് ഇടവകയുടെ അമരക്കാരൻ.......



ഞങ്ങളുടെ പ്രിയപ്പെട്ട

**തോമസച്ചന്**

പ്രാർത്ഥനാശംസകൾ നേർന്നു കൊണ്ട്.....



**സെന്റ്. മേരി മസറല്ലോ യൂണിറ്റംഗങ്ങൾ, പോളയത്തോട്.**



ഭക്തിയിലും സ്നേഹത്തിലും വിശ്വാസത്തിലും

ഞങ്ങളെ വഴി നടത്തുന്ന

ബഹു. **തോമസ് മേക്കാടൻ അച്ചൻ**

വൈദിക തിരുപ്പട്ടം സ്വീകരിച്ചതിന്റെ

25-ാം വാർഷികത്തിൽ പ്രാർത്ഥനകളും

മംഗളങ്ങളും നേരുന്നു.

**വാഴ്ത്തപ്പെട്ട മൈക്കിൾ റുവാ യൂണിറ്റ്**

താമരക്കുളം - കന്റോൺമെന്റ്



**"ഭൂമി മുഴുവൻ കർത്താവിന്റെ മുമ്പിൽ ആനന്ദഗീതം ഉതിർക്കട്ടെ."** (സങ്കീ. 100:1)

**മഹനീയമായ പൗരോഹിത്യത്തിന്റെ രജത ജൂബിലി ആഘോഷിക്കുന്ന പ്രിയ തോമസച്ചന് ഹൃദയം നിറഞ്ഞ പ്രാർത്ഥനാശംസകൾ.**

**സെന്റ് അൽഫോൺസാമ്മ**
**ബി.സി.സി. യൂണിറ്റ്**
**സെഞ്ച്വറി നഗർ**

കർത്താവിന്റെ മഹത്തായ ശുശ്രൂഷയെ പ്രാർത്ഥനയാലും മറ്റ് സഹായങ്ങളാലും ശക്തിപ്പെടുത്തുന്നതുവഴി അച്ചൻ ദൗത്യത്തിൽ മുന്നേറുകയാണ്. വർദ്ധിച്ചുവരുന്ന തിന്മയോടുള്ള പോരാട്ടത്തിനായ് എല്ലാ ആത്മീയ ആയുധങ്ങളും ധരിച്ച് ദൈവ രാജ്യത്തിനായി പ്രവർത്തിക്കുവാൻ ദൈവത്തിന്റെ വിളിയും ദൗത്യവും അച്ചന് പ്രചോദനമാകട്ടെ.

**ഇൻഫന്റ് ജീസ്സസ് ബി.സി.സി. യൂണിറ്റ്**
**പോളയത്തോട് വാർഡ്**



പൗരോഹിത്യ രജത ജൂബിലി ആഘോഷിക്കുന്ന ബഹു. തോമസ് അച്ചന് പോളയത്തോട് വാർഡിലെ ഓരോ കുടുംബത്തിന്റെയും പ്രാർത്ഥനാശംസകൾ

**ഷിബു മാർട്ടിൻ**
**വാർഡ് ലീഡർ, പോളയത്തോട്**





**ദൈവിക ശുശ്രൂഷയിൽ പൗരോഹിത്യ ജൂബിലി ആഘോഷിക്കുന്ന ഞങ്ങളുടെ പ്രിയപ്പെട്ട ഇടവക വികാരി തോമസ് അച്ചന് പ്രാർത്ഥനാശംസകൾ**

**സെന്റ് ഫ്രാൻസിസ് അസ്സീസി**
**ബി.സി.സി. യൂണിറ്റ്,**
**തില്ലേരി**



Exultate et Jubilate

We invoke showers of blessings on the Jubilarian

Rev. Fr. Thomas Meckadan SDB

and we thank God for the many
grace-filled services we have received
from a dedicated, selfless and zealous priest.

St. Stephen's English Choir
'Cantate Domino'

With compliments from:

Gerald D'Cruz
Choirmaster and Choristers

*Best wishes to the Jubilarian,*

*our parish priest*

***Rev. Fr. Thomas Mecakdan SDB***

*from **Regal School of Music and Arts***

*(Approved International Music Exam Centre)*

*for The Associated Board of the*

*Royal Schools of Music*

*ABRSM, LONDON, U.K.*

*Myrtle Chambers,*

*Mundakkal West, Kollam.*



"അവിടുത്തെ നന്മയും കരുണയും ജീവിതകാലം മുഴുവൻ എന്നെ അനുഗമിക്കും." (സങ്കീ. 23:6)



**നല്ല ഇടയന്റെ പിൻഗാമിയായി തോപ്പ് ഇടവക സമൂഹത്തെ വിശ്വാസധാരയിലേക്ക് നയിക്കുന്ന പ്രിയപ്പെട്ട തോമസച്ചന് രജത ജൂബിലി ആശംസകളും പ്രാർത്ഥനകളും നേരുന്നു.**



**എലിസബത്ത് മെന്റസും കുടുംബാംഗങ്ങളും**



## തോമസച്ചന്
## രജതജൂബിലിയുടെ പ്രാർത്ഥനാശംസകൾ

# ത്യാഗം അർപ്പണം

ചാപ്പൽ കമ്മിറ്റി , ക്രിസ്ത്യാനികളുടെ സഹായമാതാ ദേവാലയം
പോളയത്തോട്, കൊല്ലം

*Best wishes to the Jubilarian, our parish priest*

## *Rev. Fr. Thomas Meckadan SDB*



# JOSARTS

Near Police Commissioner's Office, Tillery, Kollam
Ph : 2742943, 2760729
E-mail : josartsweddingcards@gmail.com



മഹനീയമായ
പൗരോഹിത്യത്തിന്റെ
രജത ജൂബിലി
ആഘോഷിക്കുന്ന
പ്രിയ തോമസച്ചന്
ഹൃദയം നിറഞ്ഞ
പ്രാർത്ഥനാശംസകൾ



**അനിൽ ജോസ് & ഫാമിലി**
(ബി. സി. സി. കോർഡിനേറ്റർ)
അനുഗ്രഹ നഗർ
പള്ളിത്തോട്ടം കൊല്ലം

ബഹുമാനപ്പെട്ട
ഇടവക വികാരി
തോമസ് മേക്കാട്ടു
പറമ്പിൽ SDBയ്ക്ക്
ഞങ്ങളുടെ ഹൃദയം
നിറഞ്ഞ
രജത ജൂബിലി
ആശംസകൾ



**വിശുദ്ധ ഡോമിനിക്ക് സാവിയോ**
ബി. സി. സി. യൂണിറ്റ്
എച്ച്. & സി. വാർഡ്



പൗരോഹിത്യ ശുശ്രൂഷയുടെ അർത്ഥപൂർണ്ണമായ 25 ആണ്ടുകൾ പൂർത്തിയാക്കി രജത ജൂബിലിയുടെ നിറവിൽ നിൽക്കുന്ന തോമസച്ചൻ മാതൃകാപരവും ആദർശ സ്നേഹസുരഭിലവുമായ നേതൃത്വകർമ്മ മാർഗ്ഗങ്ങളിലൂടെ തന്റെ ഇടയ ദൗത്യത്തിൽ സൂര്യശോഭയോടെ മുന്നേറുന്നു. കാലഘട്ടത്തിന്റെ കടുത്ത വെല്ലുവിളികളെ സധൈര്യം നേരിട്ട് പ്രവാചക ധീരതയോടെ വിമോചനത്തിന്റെ വിവിധ മേഖലകളിൽ പ്രശോഭിക്കുന്ന നക്ഷത്രമായി തീരട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. അച്ചന് പൗരോഹിത്യ രജത ജൂബിലിയുടെ പ്രാർത്ഥനാമംഗളങ്ങൾ...

**എ. ജെ. ഡിക്രൂസ്, നിമ ഡിക്രൂസ്**
**ആഷ്‌വിൻ ഡിക്രൂസ് & അഫിൻ ഡിക്രൂസ്**
കണിച്ചേരി, മുണ്ടയ്ക്കൽ വെസ്റ്റ്





***Silver Jubilee Greetings***
***& Prayerful Wishes to***
***Rev. Fr. Thomas Meckadan***

**Jeniffer Ann Thomas, Judy Ann Thomas,**
**Julie Ann Thomas & Juby Ann Thomas**
*Meriam Evi, TRA - 123, Mundakkal, Kollam*



**പൗരോഹിത്യ ജീവിതത്തിൽ**
**കാൽനൂറ്റാണ്ട് പൂർത്തിയാക്കിയ**
**ഞങ്ങളുടെ പ്രിയപ്പെട്ട**
**തോമസ് മേക്കാടൻ അച്ചന്**
**എല്ലാവിധ മംഗളങ്ങളും...**
**ആശംസകളും...**

**കെ. കെ. കോശി**
**& സ്റ്റെല്ല കോശി**
**മുണ്ടയ്ക്കൽ**










ഇടവക വികാരി
തോമസ്
മേക്കാടൻ അച്ചന്
പൗരോഹിത്യ
രജത ജൂബിലി
ആശംസകൾ.

**സെന്റ് സെബാസ്റ്റ്യൻ**
**ബി. സി. സി. യൂണിറ്റ്**
**ഡോൺ ബോസ്കോ നഗർ എ.**

ബഹു. തോമസ് അച്ചന്
ഡോൺ ബോസ്കോ
നഗർ എ. വാർഡിലെ
എല്ലാ കുടുംബങ്ങളുടെയും
രജത ജൂബിലിയുടെ
പ്രാർത്ഥനാശംസകൾ





**ജോസ് ഹെയ്സർ. ജെ.**
**വാർഡ് ലീഡർ**
**ഡോൺ ബോസ്കോ നഗർ എ.**



*Silver Jubilee Greetings*
*&*
*Prayerful Wishes to Rev. Fr. Thomas Meckadan*

*Manuel Mohan Das*
*Suni Manuel*
*Kevin Clarance Manuel*

**Kevins, Tillery**
**Kollam**



ഇടവക വികാരി
തോമസ്
മേക്കാടൻ അച്ചന്
പൗരോഹിത്യ
രജത ജൂബിലി
ആശംസകൾ.

**ഹോളി ഫാമിലി**
**ബി. സി. സി. യൂണിറ്റ്**
**മുണ്ടയ്ക്കൽ വെസ്റ്റ്**



രജത ജൂബിലി
ആഘോഷിക്കുന്ന
ഞങ്ങളുടെ പ്രിയപ്പെട്ട
ഇടവക വികാരി
തോമസ് അച്ചന്
ആശംസകളും
പ്രാർത്ഥനകളും
നേരുന്നു



**ജോൺസൺ ആന്റണി**
& ഫാമിലി
ഡോൺബോസ്കോ നഗർ - 178
പള്ളിത്തോട്ടം, കൊല്ലം



**മഹനീയമായ പൗരോഹിത്യത്തിന്റെ**
**രജത ജൂബിലി ആഘോഷിക്കുന്ന**
**പ്രിയ തോമസച്ചന്**
**ഹൃദയം നിറഞ്ഞ**
**പ്രാർത്ഥനാശംസകൾ**

**സെന്റ് ബെനഡിക്റ്റ്**
**ബി. സി. സി. യൂണിറ്റ്**
**തില്ലേരി**




ബഹുമാനപ്പെട്ട തോമസ് അച്ചന്
ഞങ്ങളുടെ ജൂബിലി ആശംസകൾ.



**ബ്രദേഴ്സ് ഹോട്ടൽ & ഫാമിലി റെസ്റ്റോറന്റ്**
ഗവ. ഹോസ്പിറ്റൽ ജംഗ്ഷൻ, കരുനാഗപ്പള്ളി
**ഫോൺ : 9387247740, 9388036745**

---

*Opening Shortly at*
*Polayathodu, Kollam*

## ബ്രദേഴ്സ് ഹോട്ടൽ

പോളയത്തോട്, കൊല്ലം

**രുചികരമായ ഭക്ഷണപദാർത്ഥങ്ങൾ**
**ഉത്തരവാദിത്വത്തോടെ ഓർഡർ അനുസരിച്ച്**
**ചെയ്തുകൊടുക്കപ്പെടുന്നതാണ്.**

ബഹു. തോമസ് മേക്കാടൻ അച്ചന് പൗരോഹിത്യ രജത ജൂബിലിയുടെ പ്രാർത്ഥനകളും. ആശംസകളും.





റൂസ്സോ ജയിംസ്
& ഫാമിലി
അഞ്ജലി നഗർ – 75
സെന്റ് ലൂക്ക് ബി.സി.സി. യൂണിറ്റ്



**Silver Jubilee Greetings & Prayerful wishes to Rev. Fr. Thomas Meckadan**

suresh jose
sharpshoot
the art of Imagineering



ഞങ്ങളുടെ
തോമസ് മേക്കാടനച്ചന്
പൗരോഹിത്യ രജത ജൂബിലിയുടെ
**പ്രാർത്ഥനാശംസകൾ...**

വാഴ്ത്തപ്പെട്ട ഫിലിപ്പ് റിനാൾഡി
ബി.സി.സി. യൂണിറ്റ്
മുണ്ടയ്ക്കൽ



ബഹു: തോമസച്ചൻ പൗരോഹിത്യത്തിന്റെ രജത ജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിൽ ഞങ്ങളുടെ കുടുംബത്തിന്റെ എല്ലാവിധ മംഗളങ്ങളും നേർന്നുകൊള്ളുന്നു.



ഡേവിഡ്, അർണോൾഡ്, സുനിത,
അജിൻ, ആഷ്‌ലി.
'ഡോനം ദേ' ഡോൺബോസ്കോ നഗർ,
പള്ളിത്തോട്ടം, കൊല്ലം



ഞങ്ങളുടെ പ്രിയപ്പെട്ട ഇടവക വികാരി തോമസ് അച്ചന് രജത ജൂബിലിയുടെ ആശംസകൾ...



ജയാ പാട്രിക്ക് & ഫാമിലി
വാർഡ് ലീഡർ, അനുഗ്രഹ നഗർ



വിശുദ്ധ ബലിവേദിയെ ചുംബിക്കുന്ന അധരങ്ങളാൽ
ഞങ്ങൾക്കുവേണ്ടി നിരന്തരം പ്രാർത്ഥിക്കുന്ന,
വിശുദ്ധ ബലിവേദിയെ സ്പർശിക്കുന്ന പാദങ്ങളാൽ
ഞങ്ങളുടെ മണ്ണിൽ നടക്കുന്ന,
തിരുശരീരവും തിരുരക്തവും എടുത്തുയർത്തുന്ന
കരങ്ങളാൽ ഞങ്ങളെ തലോടുന്ന
**തോമസ് അച്ചാ** ജൂബിലി ആശംസകൾ

# DON BOSCO YOUTH
## MARY HELP OF CHRISTIANS CHAPEL
POLAYATHODU, KOLLAM




Grafimedia : 9400 987 555